# പീപ്പിൾസ് റിവ്യൂ

Estd : 2007

2026 ഒക്ടോബർ 17 ശനി

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 5 രൂപ


## ഇഡി നടപടി രാഷ്ട്രീയ നാടകം; സിപിഎമ്മിനെ തകർക്കാനുള്ള നീക്കം നേരിടും– ഗോവിന്ദൻ

തിരുവനന്തപുരം: സിഎംആർഎൽ-എക്സാലോജിക് കേസിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയനെതിരെയുള്ള ഇ.ഡി നടപടികൾക്കെതിരെ സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ. ഇഡി നടത്തുന്നത് കേവലം രാഷ്ട്രീയ നാടകമാണെന്നും വീടിന് മുന്നിൽ നോട്ടീസ് പതിപ്പിച്ചത് ഈ നാടകത്തിന്റെ ഭാഗമാണെന്നും എം. വി. ഗോവിന്ദൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. മാതൃകാപരമായി ജീവിക്കുന്നവരെ വേട്ടയാടാനാണ് കേന്ദ്ര ഏജൻസികൾ ശ്രമിക്കുന്നതെന്നും പാർട്ടിക്കെതിരെയുള്ള ഇത്തരം നടപടികളെ നിയമപരമായും രാഷ്ട്രീയമായും നേരിടുമെന്നും അദ്ദേഹം വ്യക്തമാക്കി.

പിണറായി വിജയൻ എന്നാൽ പാർട്ടിയാണെന്നും, പാർട്ടിയെ തകർക്കുകയെന്ന ലക്ഷ്യത്തോടെയാണ് കേസുകൾ ഉണ്ടാക്കുന്നതെന്നും എം. വി. ഗോവിന്ദൻ പറഞ്ഞു. മാധ്യമങ്ങൾ സൃഷ്ടിക്കുന്ന അടിസ്ഥാനരഹിതമായ വാർത്തകളുടെ തുടർച്ചയായിട്ടാണ് ഇഡി കേസെടുക്കുന്നത്. വീണയ്ക്കെതിരെയുള്ള വിഷയത്തെ രാഷ്ട്രീയമായി പാർട്ടിക്ക് എതിരെയുള്ള കേസാക്കി രൂപപ്പെടുത്താനാണ് ശ്രമിക്കുന്നത്. യാതൊരു കഴമ്പുമില്ലാത്ത ആരോപണങ്ങൾ ഉന്നയിച്ച് സിപിഎമ്മിനെ പ്രതിക്കൂട്ടിൽ നിർത്താനാണ് ശ്രമമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിൽ ഇഡിയുടെ നീക്കങ്ങൾക്ക് യുഡിഎഫ് സൗകര്യം ചെയ്തു കൊടുക്കുകയാണെന്ന് അദ്ദേഹം ആരോപിച്ചു. ഭൂരിപക്ഷ-ന്യൂനപക്ഷ വർഗീയതകളെ ഒപ്പം ചേർത്തുകൊണ്ട് മതനിരപേക്ഷതയെ തകർക്കാനാണ് യുഡിഎഫ് ശ്രമിക്കുന്നത്. കോൺഗ്രസിനുള്ളിലെ ഗ്രൂപ്പ് തർക്കങ്ങളും നയപരമായ നിലപാടില്ലായ്മയും മറച്ചുവെക്കാനാണ് ഇത്തരത്തിലുള്ള പ്രചാരണങ്ങൾക്ക് അവർ കൂട്ടുനിൽക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

### മാസപ്പടി കേസിൽ വെള്ളിയാഴ്ച ഹാജരാകണം

# സമൻസ് പിണറായിയുടെ വീട്ടിൽ ചുമരിൽ പതിപ്പിച്ചു

തിരുവനന്തപുരം: മാസപ്പടി കേസിൽ അന്വേഷണം അതിവേഗമാക്കി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ ഡി). മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ തിരുവനന്തപുരം ബേക്കറി ജംഗ്ഷനിലുള്ള സ്വകാര്യ വസതിയിലെത്തി ഇ ഡി ഉദ്യോഗസ്ഥർ സമൻസ് ചുവരിൽ പതിപ്പിച്ചു. വരുന്ന വെള്ളിയാഴ്ച ചോദ്യം ചെയ്യലിനായി ഹാജരാകണമെന്നാണ് സമൻസിലെ നിർദേശം. ഇ ഡി സംഘം എത്തുമ്പോൾ പിണറായിയും ഭാര്യയും മകളും വീട്ടിൽ ഉണ്ടായിരുന്നില്ല. പിണറായി കണ്ണൂരിലാണുള്ളത്. സമൻസ് തപാൽ മാർഗ്ഗം ലഭിക്കുമെന്ന് കരുതിയിരുന്ന സ്ഥാനത്താണ് ഉദ്യോഗസ്ഥർ നേരിട്ടെത്തി ചുമരിൽ പതിപ്പിച്ചത്. സംഭവം അറിഞ്ഞതിനെ തുടർന്ന് മുൻ മന്ത്രി വി ശിവൻകുട്ടി അടക്കമുള്ള മുതിർന്ന സി പി എം നേതാക്കൾ പ്രതിപക്ഷ നേതാവിൻറെ വീട്ടിലെത്തിയിട്ടുണ്ട്.

അതേസമയം ഇ ഡി സമൻസ് ലഭിച്ചെങ്കിലും പിണറായി വിജയൻ വെള്ളിയാഴ്ച ഹാജരായേക്കില്ലെന്നാണ് ലഭിക്കുന്ന വിവരം. നിയമസഭാ സമ്മേളനവും സുപ്രീംകോടതിയിലെ കേസും ചൂണ്ടിക്കാട്ടി ഹാജരാകാനാകില്ലെന്ന് ഇ ഡിക്ക് മറുപടി നൽകിയേക്കും. ഇതിനിടയിൽ സുപ്രീംകോടതി സ്റ്റേ അനുവദിച്ചാൽ ഇ ഡിക്ക് മുമ്പിൽ ഉടൻ ഹാജരാകേണ്ടി വരില്ലെന്ന് കണക്കാക്കിയാണ് നീക്കം. പിണറായിയെ കേന്ദ്രീകരിച്ചുള്ള അന്വേഷണത്തിനാണ് ഈഘട്ടത്തിൽ ഇ ഡിയുടെ ഊന്നൽ.

നിയമസഭാ സമ്മേളനം 29 -ാം തീയതി വരെ നീളുന്നതിനാൽ പ്രതിപക്ഷ നേതാവിന് പങ്കെടുക്കണമെന്ന് ഇ ഡി അറിയിക്കാനാണ് പിണറായിയുടെ നീക്കം. ഹൈക്കോടതി വിധികളും എഫ് ഐ ആറും റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് സുപ്രീംകോടതിയിൽ നൽകിയ അപേക്ഷയും പിണറായി ചൂണ്ടികാട്ടും. സുപ്രീംകോടതിയിൽ നൽകിയ ഹർജിയിൽ അടിയന്തരവാദം കേൾക്കണെന്ന് പിണറായിയുടെ അഭിഭാഷകൻ ആവശ്യപ്പെട്ടെങ്കിലും കോടതി അനുവദിച്ചിരുന്നില്ല. അവധിയായതിനാൽ 26 വരെ കേസ് കേൾക്കാനാകില്ല. അതിനിടയിൽ പ്രത്യേക ബെഞ്ച് രൂപീകരിക്കുന്ന് പരിശോധിക്കാമെന്ന് ചീഫ് ജസ്റ്റിസ് ഇന്നലെ അറിയിച്ചിരുന്നു. പ്രത്യേക ബെഞ്ചില്ലെങ്കിൽ 26 ന് തന്നെ കേസ് പരിഗണിക്കും. 23 ന് ഹാജരാവാതിരിക്കുകയും 26 ന് സ്റ്റേ അനുവദിക്കുകയും ചെയ്താൻ പിണറായി ഉടൻ ഇ ഡിയുടെ ചോദ്യമുനയിലേക്ക് എത്തില്ല. ഇത് കണക്കാക്കിയാണ് നീക്കം. അറസ്റ്റ് കോടതി തടഞ്ഞാലും ആശ്വാസമാകും. സി എം ആർ എൽ - എക്സാലോജിക്ക് പണമിടപാടുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ആദ്യ ഋഇകഞ ലെ അന്വേഷണമാണ് പിണറായിലേക്കും മുഹമ്മദ് റിയാസിലേക്കും നീണ്ടത്. പിണറായി ഒന്നാം പ്രതിയായി രജിസ്റ്റർ ചെയ്ത ഋഇകഞ ലെ അന്വേഷണത്തിലാണ് ഈ ഘട്ടത്തിൽ ഊന്നൽ. പിണറായിക്ക് പുറമേ ഈ കേസിലെ വീണ ടി അടക്കമുള്ള പ്രതികളെ വീണ്ടും ചോദ്യം ചെയ്തേക്കും. ഇ ഡിയുടെ ആദ്യ കേസിലെയും പിണറായിക്കെതിരെയുള്ള കേസിലെയും കുറ്റപ്പത്രം ഒന്നിച്ച് സമർപ്പിക്കുന്നതിൽ പിന്നീടായിരിക്കും തീരുമാനം. ഹവാലകടത്തിലാണ് മുഹമ്മദ് റിയാസിനെതിരെയുള്ള ഋഇകഞ. റിയാസിനുള്ള സമൻസ് ഉടനുണ്ടായേക്കില്ല എന്നാണ് സൂചന.

## മെലഡികളിൽ സ്വന്തം ശൈലി തീർത്ത പ്രശസ്ത സംഗീത സംവിധായകൻ ദേവ അന്തരിച്ചു



ചെന്നൈ: പ്രശസ്ത തമിഴ് സംഗീത സംവിധായകനും ഗായകനുമായ ദേവ (76) അന്തരിച്ചു. വാർധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ചെന്നൈ മൈലാപ്പൂരിൽ ആയിരുന്നു അന്ത്യം. അനാരോഗ്യത്തെ തുടർന്ന് ഇന്ന് രാവിലെ 8.30 ന് ആശുപത്രിയിൽ പ്രവേശിപ്പിച്ച അദ്ദേഹത്തിൻറെ മരണം പെട്ടെന്നായിരുന്നുവെന്ന് തമിഴ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. നാല് പതിറ്റാണ്ട് നീണ്ട സംഗീത ജീവിതത്തിൽ തമിഴ്, കന്നഡ, മലയാളം, തെലുങ്ക് ഭാഷകളിലായി നാനൂറിലധികം ചിത്രങ്ങൾക്ക് സംഗീതം നൽകിയ അതുല്യ പ്രതിഭയാണ് വിട വാങ്ങുന്നത്.

1950 നവംബർ 20 ന് ജനിച്ച ദേവനേശൻ ചൊക്കലിംഗമാണ് പിൽക്കാലത്ത് തമിഴ് സിനിമാഗാനശാഖയുടെ ബ്രാൻഡ് അംബാസിഡർമാരിൽ ഒരാളായ ദേവയായത്. മെലഡികളിലെ സ്വന്തം ശൈലിയും ഫോക്കിൻറെ ഉപയോഗവും അദ്ദേഹത്തെ വേറിട്ട് നിർത്തി. താൻ സംഗീതം പകർന്ന ചിത്രങ്ങളിലൂടെ ഗാന മ്യൂസിക്കിനെ കൂടുതൽ ആസ്വാദകരിലേക്ക് എത്തിക്കുകയും ചെയ്തു അദ്ദേഹം. എൺപതുകളുടെ അവസാനത്തിലും തൊണ്ണൂറുകളുടെ തുടക്കത്തിലുമാണ് ദേവ തൻറെ കരിയറിലെ ഏറ്റവും മികച്ച വർക്കുകൾ ചെയ്തത്. മുൻനിര സംവിധായകർക്കൊപ്പം പ്രവർത്തിച്ചപ്പോൾ മറക്കാനാവാത്ത നിരവധി ഗാനങ്ങൾ അദ്ദേഹം ആസ്വാദകർക്ക് സമ്മാനിച്ചു.

തമിഴിലെ സൂപ്പർ താരങ്ങളായ രജനികാന്ത്, കമൽ ഹാസൻ, വിജയ്, അജിത് കുമാർ തുടങ്ങിയവരുടെ ചിത്രങ്ങളിലെ ഹിറ്റ് ഗാനങ്ങൾ ഒരുക്കിയിട്ടുണ്ട് അദ്ദേഹം. ബാഷ, അണ്ണാമലൈ, ഖുഷി, കാതൽ കോട്ട തുടങ്ങി നിരവധി ശ്രദ്ധേയ ചിത്രങ്ങളിലെ സംഗീത വിഭാഗം കൈകാര്യം ചെയ്തത് ദേവയായിരുന്നു. രജനികാന്ത് ചിത്രങ്ങളുടെ തീം സോഗുകളിലൂടെയും അദ്ദേഹം പലപ്പോഴും കൈയടി നേടി. മധുരസംഗീതത്തിന്റെ തെന്നൽ എന്നാണ് എം എസ് വിശ്വനാഥൻ ദേവയെ വിശേഷിപ്പിച്ചത്. മലയാളത്തിൽ ദി പ്രിൻസ്, ഫാന്റം, കിങ് സോളമൻ എന്നീ ചിത്രങ്ങൾക്കും ദേവ സംഗീതം പകർന്നിട്ടുണ്ട്.

## എം രാഘവൻ സിപിഎമ്മിൽ നിന്നും രാജിവച്ചു

കാസർകോട്: കാസർകോട് ജില്ലയിലെ സിപിഎം നേതാവ് എം രാഘവൻ പാർട്ടിയിൽ നിന്നും രാജിവെച്ചു. പാർട്ടിയിൽനിന്ന് വിട്ടുനിൽക്കുന്നതായി അറിയിച്ച് അദ്ദേഹം ജില്ലാ കമ്മിറ്റിക്ക് കത്ത് നൽകി. പാർട്ടി നിയന്ത്രണത്തിലുള്ള കോട്ടച്ചേരി സഹകരണ ബാങ്ക് പ്രസിഡന്റ് സ്ഥാനവും രാഘവൻ രാജിവെച്ചു.

ഇന്നലെയാണ് കാസർകോട് സിപിഎം വിപുലീകൃത ജില്ലാ കമ്മിറ്റി സമാപിച്ചത്. ജില്ലാ കമ്മറ്റിയിൽ ആറ് ക്ഷണിതാക്കളെ ഉൾപ്പെടുത്തിയെങ്കിലും എം രാഘവനെ ഉൾപ്പെടുത്തിയിരുന്നില്ല. ജില്ലാ കമ്മിറ്റിയിൽ ഉൾപ്പെടുത്താത്തതിലുള്ള കടുത്ത അതൃപ്തിയാണ് രാജിക്ക് പിന്നിലെന്നാണ് വിവരം.

കോടിയേരി ആഭ്യന്തരമന്ത്രിയായപ്പോൾ അദ്ദേഹത്തിന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. എസ്എഫ്ഐ ജില്ലാ സെക്രട്ടറി, സംസ്ഥാന വൈസ് പ്രസിഡന്റ് കേന്ദ്ര കമ്മിറ്റി അംഗം, ഡിവൈഎഫ്ഐ ജില്ലാ നേതാവ് തുടങ്ങി പാർട്ടിയുടെ വിവിധ വർഗബഹുജന സംഘടനകളിലും എം രാഘവൻ പ്രവർത്തിച്ചിരുന്നു.

### മിനി കൂപ്പർ അപകടം

# സുഹൈലിന്റെ ജാമ്യാപേക്ഷ തള്ളി, നാലു പ്രതികൾക്കും ജാമ്യമില്ല



അങ്കമാലി: നെടുമ്പാശ്ശേരി എയർപോർട്ട് റോഡിൽ മൂന്നുപേർ കാറിടിച്ച് മരിച്ച കേസിൽ പ്രതികളുടെ ജാമ്യാപേക്ഷ തള്ളി. കേസിൽ ഒന്നു മുതൽ നാലുവരെ പ്രതികളായ സുഹൈൽ, നിനവ്, ജോയൽ, അമീൻ എന്നിവരുടെ ജാമ്യാപേക്ഷയാണ് അങ്കമാലി കോടതി തള്ളിയത്.

കഴിഞ്ഞ ഞായറാഴ്ച പുലർച്ചെ ഒന്നേമുക്കാലോടെ നെടുമ്പാശ്ശേരി എയർപോർട്ട് റോഡിൽ വാളെപ്പുറത്താണ് അപകടമുണ്ടായത്. ദക്ഷിണ കന്നഡ സുള്ളിയ സ്വദേശി ഇയ്യാസ് ഇബ്രാഹിം (21), കൽപ്പറ്റ സ്വദേശിനി ദേവിക (21), മണ്ണാർക്കാട് സ്വദേശിനി ഗോപിക (21) എന്നിവരാണ് മരിച്ചത്.

കൊച്ചിയിലെ ഒരു ആന്റീക് ഷോപ്പിലെ ജീവനക്കാരായ ഇവർ എയർപോർട്ട് ഭാഗം സന്ദർശിച്ചശേഷം തൃക്കാക്കരയിലേക്ക് മടങ്ങുന്നതിനിടെയാണ് ദുരന്തമുണ്ടായത്. അപകടത്തിൽ മൂന്നുപേരും സംഭവസ്ഥലത്തുവെച്ചുതന്നെ മരിച്ചു.സ്കൂട്ടറിൽ സഞ്ചരിക്കുകയായിരുന്ന സുഹൃത്തുക്കളുടെ പിന്നിൽ അമിതവേഗത്തിലെത്തിയ മിനി കൂപ്പർ കാർ ഇടിച്ചുകയറിയാണ് അപകടമുണ്ടായത്. അപകടം നടന്നയുടൻ, എയർപോർട്ട് റോഡിൽ വേഗതയിൽ ഓടിച്ചാൽ എന്താണ് കുഴപ്പമെന്നും അച്ഛൻ നോക്കിക്കൊള്ളുമെന്നും പറഞ്ഞ് കാറിലുണ്ടായിരുന്നവർ നാട്ടുകാരോട് തർക്കിച്ചതായി ദൃക്സാക്ഷികൾ വെളിപ്പെടുത്തിയിരുന്നു. 105-ാം വകുപ്പ് പ്രകാരമുള്ള കുറ്റകരമായ നരഹത്യ ചുമത്തിയിരിക്കുന്നത് നിലനിൽക്കില്ലെന്ന് പ്രതിഭാഗം വാദിച്ചു. ദൃക്സാക്ഷി പോലും ഇല്ലാതെ കേസിൽ ആദ്യം എഫ്.ഐ.ആർ. ഇട്ടപ്പോൾ തന്നെ 105-ാം വകുപ്പ് ചുമത്തുകയായിരുന്നു. ഇത് നിലനിൽക്കില്ല. മൂന്നുപേർ ഒരു സ്കൂട്ടറിലും കൂട്ടുകാരൻ ഒറ്റയ്ക്കൊരു സ്കൂട്ടറിലും വരുന്നതിൽ ദുരൂഹതയുണ്ട്. മൂന്നുപേർ ഒരു സ്കൂട്ടറിൽ സഞ്ചരിക്കുമ്പോൾ സ്കൂട്ടറിന്റെ നിയന്ത്രണം തെറ്റാൻ സാധ്യതയുണ്ട്. അപകടസമയത്ത് വാഹനത്തിന്റെ വേഗം എത്രയായിരുന്നു എന്നത് സംബന്ധിച്ച് തെളിവുകൾ സമർപ്പിക്കാൻ പോലീസിന് കഴിഞ്ഞിട്ടില്ല. മുൻപ് ഒരു ചെറുപരാതി പോലും ഒന്നാം പ്രതിക്കെതിരേ ഇല്ലാതിരുന്നിട്ടും തുടർച്ചയായി കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന ആളാണെന്ന് മുദ്രകുത്തിയെന്നും പ്രതിഭാഗം വാദിച്ചിരുന്നു. അപകടം നടന്നപ്പോൾ സംഭവസ്ഥലത്തു നിന്ന് ഓടിപ്പോയില്ല. ഒന്നാംപ്രതിയുടെ കുടുംബത്തിനു നേരെ വലിയതോതിൽ ആക്രമണം നടത്തുകയാണ്. സാമൂഹികമാധ്യമങ്ങളും മറ്റും ഏറ്റെടുത്ത് സംഭവം മറ്റൊരു തലത്തിലേക്ക് ഉയർത്തിയതാണ്. കാറിൽ ഒന്നിൽ കൂടുതൽ പേർക്ക് സഞ്ചരിക്കാം. രണ്ട് മുതൽ നാല് വരെയുള്ള പ്രതികൾ കാറിലെ യാത്രക്കാരാണ്. ഇവർ കാറോടിച്ച ഒന്നാം പ്രതിയെ അമിതവേഗത്തിൽ വാഹനം ഓടിക്കുന്നത് തടഞ്ഞില്ലെന്നാണ് ആരോപണം. എഫ്. ഐ.ആറിന് അടിസ്ഥാനമായ സാക്ഷിമൊഴിയിൽ ഇതൊന്നും പറയുന്നില്ല. പിതാവ് രക്ഷിക്കുമെന്ന് പറയുന്നതായി വ്യാപകമായി പ്രചരിച്ചു. അങ്ങനെയെങ്കിൽ അപകടം നടന്നിടത്തുനിന്ന് പ്രതി ഓടിപ്പോകുമായിരുന്നല്ലോ. വേഗം തെളിയിക്കുന്ന എന്ത് രേഖയാണുള്ളത്. സി.സി.ടി.വി. ക്യാമറ ഉണ്ടെന്ന് പറയുന്നു. എന്നാൽ തെളിവുകളൊന്നും ഹാജരാക്കിയിട്ടുമില്ല. സീൻ മഹസർ ഒളിപ്പിച്ചുവെച്ചെന്നും പ്രതിഭാഗം വാദിച്ചു. കേസന്വേഷണം മുന്നോട്ടുപോകുകയാണെന്നും ഈ ഘട്ടത്തിൽ ജാമ്യം അനുവദിക്കരുതെന്നും പ്രോസിക്യൂഷൻ വാദിച്ചു. പ്രതികൾ അമിതമായി മദ്യപിച്ചിരുന്നു. പ്രതികൾ 18 വയസ്സ് കഴിഞ്ഞവരാണ്. മദ്യപിച്ച് വാഹനമോടിച്ചാൽ മനുഷ്യജീവന് അപകടമുണ്ടാകുമെന്ന് അറിയാവുന്നവരാണ് പ്രതികൾ. പ്രതികളുടെ പ്രായം കണക്കിലെടുക്കുന്നതോടൊപ്പം തന്നെ കൊല്ലപ്പെട്ട മുന്നുപേരുടെയും പ്രായവും കണക്കിലെടുക്കേണ്ടതുണ്ടെന്നും പ്രോസിക്യൂഷൻ വാദിച്ചു. ഒന്നാം പ്രതിയുടെ രക്തത്തിൽ 161 മില്ലി ഗ്രാമും മൂത്രത്തിൽ 230 മില്ലി ഗ്രാമും ആൽക്കഹോളിന്റെ അംശം പരിശോധനയിൽ കണ്ടെത്തി. സി.സി.ടി.വി. ദൃശ്യങ്ങളുടെ ഉൾപ്പെടെയുള്ള ഡിജിറ്റൽ തെളിവുകൾ ഉടനെ ഹാജരാക്കുമെന്നും പ്രോസിക്യൂട്ടർ കോടതിയെ അറിയിച്ചു.

### കിഫ്ബി ഭൂമി ഏറ്റെടുക്കൽ തട്ടിപ്പ്

# നിർണായക തീരുമാനങ്ങളെടുത്തത് മന്ത്രിസഭ പോലും അറിയാതെ

തിരുവനന്തപുരം: കിഫ്ബി ഭൂമി ഏറ്റെടുക്കൽ തട്ടിപ്പിന്റെ ഞെട്ടിക്കുന്ന വിവരങ്ങൾ ദിനംപ്രതിയെന്നോണം പുറത്തുവരുന്നു. കിഫ്ബി പദ്ധതികളിൽ നിർണായക തീരുമാനങ്ങളെടുത്തത് മന്ത്രിസഭ പോലും അറിയാതെയെന്നാണ് പുറത്തുവരുന്ന വിവരങ്ങൾ.

കണ്ണൂരിലും പാലക്കാട്ടും പന്ത്രണ്ടായിരം കോടി രൂപയ്ക്ക് ഭൂമി ഏറ്റെടുത്തത് കിൻഫ്രയുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ മാത്രമെന്ന വിവരമാണ് ഏറ്റവുമൊടുവിൽ പുറത്തായത്. മസാല ബോണ്ട് ഇറക്കിയ ഘട്ടത്തിൽ ചീഫ് സെക്രട്ടറിയുടെയും ധനകാര്യ സെക്രട്ടറിയുടെയും എതിർപ്പ് മറി കടന്നുവെന്നും രേഖകൾ വ്യക്തമാക്കുന്നു.

ആരോഗ്യ-വ്യവസായ മേഖലകളുടെ വികസനത്തിനെന്ന പേരിലാണ് കിൻഫ്രക്കായി കണ്ണൂരിലും പാലക്കാടും 12,710 കോടി രൂപ ഭൂമി ഏറ്റെടുക്കാൻ അനുവദിച്ചത്. കിൻഫ്ര സമർപ്പിച്ച കൺസെപ്റ്റ് നോട്ടിന്റെ അടിസ്ഥാനത്തിൽ കാര്യമായ ചർച്ചകളില്ലാതെ കിഫ്ബി ബോർഡ് യോഗത്തിൽ അനുമതി നൽകുകയായിരുന്നു. കണ്ണൂരിലെ പട്ടാന്നൂർ, കോളാരി വില്ലേജുകളിലുൾപ്പെടുന്ന പണയത്താംപറമ്പ് മേഖലയിൽ 1,000 ഏക്കറും പാലക്കാട് ഓലപ്പതി, കന്നമ്പ്ര എന്നിവിടങ്ങളിലായി 560 ഏക്കറുമാണ് പദ്ധതിക്കായി ഏറ്റെടുത്തത്. എന്നാൽ കണ്ണൂരിൽ വൻ തുക മുടക്കി ഏറ്റെടുത്ത ഭൂമിയിൽ ഇതുവരെയും യാതൊരു വികസന പ്രവർത്തനങ്ങളും നടന്നിട്ടില്ല.

പട്ടാന്നൂർ, കോളാരി വില്ലേജുകളിലെ ഭൂമി ഏറ്റെടുക്കൽ നടപടികളിൽ വൻ ക്രമക്കേട് നടന്നതായി വിജിലൻസ് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. വ്യക്തമായ നിയമപരമായ രേഖകളൊന്നുമില്ലാതെ ഭൂമിക്ക് വൻ തുക നഷ്ടപരിഹാരമായി അനുവദിച്ചെന്നാണ് കണ്ടെത്തൽ. നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഗുരുതര വീഴ്ച സംഭവിച്ചു. ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് സർക്കാരിന് വൻ സാമ്പത്തിക നഷ്ടം വരുത്തിവെച്ചതിന് മട്ടന്നൂർ സ്പെഷ്യൽ തഹസീൽദാർ ഓഫീസിലെ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർക്കെതിരെ വിജിലൻസ് നേരത്തെ കേസ് രജിസ്റ്റർ ചെയ്തിരുന്നു.

ഉയർന്ന പലിശ നിരക്കിൽ മസാല ബോണ്ട് ഇറക്കുന്നതിനെതിരെ അന്നത്തെ ചീഫ് സെക്രട്ടറിയും ധനകാര്യ സെക്രട്ടറിയും ശക്തമായി എതിർത്തിരുന്നു. എന്നാൽ ഈ ഉന്നത ഉദ്യോഗസ്ഥരുടെ വിമർശനങ്ങൾ തികച്ചും അവഗണിച്ച് മസാല ബോണ്ടിന് അംഗീകാരം നൽകുകയായിരുന്നു. കിഫ്ബി ബോർഡ് യോഗങ്ങളിൽ നിർണായക തീരുമാനങ്ങൾ യാതൊരുവിധ മുൻഗണനാ പരിശോധനയോ ചർച്ചയോ ഇല്ലാതെയാണ് പാസാക്കിയെടുത്തതെന്ന് പുറത്തുവന്ന മിനിറ്റ്സ് വ്യക്തമാക്കുന്നു.

സർക്കാർ സംവിധാനങ്ങൾക്ക് മുകളിലുള്ള സ്വതന്ത്ര പരമാധികാരിയായി കിഫ്ബി മാറിയെന്ന യുഡിഎഫിന്റെയടക്കം ആരോപണങ്ങൾക്ക് അടിവരയിടുന്നതാണ് ഇപ്പോൾ പുറത്തുവന്ന ഔദ്യോഗിക രേഖകൾ.

## ഐഎൻഎൽ നാഷണൽ ലീഗ് യോജിപ്പ് ഇടപെടും; ടി. പി. രാമകൃഷ്ണൻ

കോഴിക്കോട്: ഐഎൻഎൽ നാഷണൽ ലീഗ് യോജിപ്പ് സംബന്ധിച്ച് ഇരുവിഭാഗം നേതാക്കളുമായും സംസാരിച്ചിട്ടുണ്ടെന്നും, അവരാവശ്യപ്പെട്ടാൽ ഇരുവിഭാഗത്തെയും മുഖാമുഖം ചർച്ചയ്ക്ക് സന്നദ്ധമാണെന്ന് എൽഡിഎഫ് കൺവീനർ ടി.പി രാമകൃഷ്ണൻ പീപ്പിൾസ് റിവ്യൂവിനോട് പറഞ്ഞു. പ്രാഥമിക ചർച്ചയിൽ ഇരുവിഭാഗം നേതാക്കളും പോസിറ്റീവായാണ് പ്രതികരിച്ചത്. ഇതോടെ ഇക്കാര്യത്തിൽ തുറന്ന ചർച്ചയ്ക്ക് വേദിയൊരുങ്ങി. ഐഎൻഎൽ നേതൃത്വമോ, നാഷണൽ ലീഗ് നേതൃത്വമോ ഇടതുമുന്നണി നേതൃത്വത്തോട് ആവശ്യമുന്നയിച്ചാൽ ഇരുപാർട്ടികൾക്കിടയിലെ മഞ്ഞുരുകും. ഐഎൻഎൽ വിട്ടവരെ തിരിച്ചെത്തിക്കാൻ അഖിലേന്ത്യാ നേതൃത്വം തീരുമാനിക്കുകയും, അത് സംസ്ഥാന സെക്രട്ടറിയേറ്റ് അംഗീകരിക്കുകയും, തുടർന്ന് സംസ്ഥാന കൗൺസിൽ വിളിച്ചു ചേർത്ത് ചർച്ച ചെയ്ത് തുടർ നടപടികളുണ്ടാകുമെന്ന് സംസ്ഥാന പ്രസിഡണ്ട് അഹമ്മദ് ദേവർകോവിൽ പറഞ്ഞു. ഐക്യ നീക്കത്തെ സ്വാഗതം ചെയ്യുന്നതായി നാഷണൽ ലീഗ് സംസ്ഥാന പ്രസിഡണ്ട് പ്രൊഫ.അബ്ദുൽ വഹാബും വ്യക്തമാക്കിയിട്ടുണ്ട്. ഇരുപാർട്ടികളിലെയും നേതാക്കളും, അണികളും തുടർ നടപടികളിലേക്ക് ഉറ്റുനോക്കിയിരിക്കുകയാണ്.

## മായിൻ ഹാജി ചെയർമാൻ; വഖഫ് ബോർഡ് പുനഃസംഘടിപ്പിച്ചു

തിരുവനന്തപുരം: വഖഫ് ബോർഡ് പുനഃസംഘടിപ്പിച്ച് സംസ്ഥാന സർക്കാർ.

മുസ്ലീം ലീഗ് നേതാവ് എം സി മായിൻഹാജിയാണ് പുതിയ ചെയർമാൻ. ബോർഡിൽ ഒൻപത് അംഗങ്ങളാണ് ഉള്ളത്. അമുസ്ലീം അംഗങ്ങളെ നാമനിർദേശം ചെയ്തില്ല.

കുറുക്കോളി മൊയ്തീൻ, സിറാസ് ഡി കാപ്സി, തൊടിയൂർ മമ്മദ് കുഞ്ഞ് മൗലവി, സജ്ന ഫിറോസ്, ജസീം സബാഹ്, ഡോ. അബ്ദുൾ മജീദ്, സലാഹി മദീന ബീഗം, മുസ്തഫൽ ഫൈസി എന്നിവരാണ് മറ്റ് അംഗങ്ങൾ.

എംഎൽഎമാരുടെ പ്രതിനിധിയായിട്ടാണ് കുറുക്കോളി മൊയ്തീൻ വഖഫ് ബോർഡിൽ ഇടംപിടിച്ചത്.

ചട്ടപ്രകാരമുള്ള യോഗ്യത ഇല്ലാത്തതിനാൽ അസാധാരണ ഉത്തരവിലൂടെ വഖഫ് ബോർഡ് പുനഃസംഘടിപ്പിക്കുകയായിരുന്നു. ഇന്നുതന്നെ പുതിയ സമിതി യോഗം ചേരും. അമുസ്ലീം അംഗങ്ങളുടെ കാര്യത്തിൽ സുപ്രീം കോടതി ഉത്തരവിന് ശേഷം തീരുമാനമെടുക്കാമെന്ന നിലപാടിലാണ് സർക്കാർ.

പുതിയ പുനഃസംഘടനയിൽ ജമാ അത്തെ ഇസ്ലാമിക്ക് ആദ്യമായി വഖഫ് ബോർഡിൽ പ്രാതിനിധ്യം ലഭിച്ചു.

# 'ക്രിയാത്മക കൗമാരം കരുത്തും കരുതലും' പദ്ധതി ജില്ലയിലെ ഹൈസ്കൂളുകളിലേക്കും

കൗമാരക്കാരുടെ ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ വളർച്ച ലക്ഷ്യമിട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന കൗമാര ബോധവത്കരണ പരിപാടി 'ക്രിയാത്മക കൗമാരം കരുത്തും കരുതലും' ഈ അധ്യയനവർഷം ജില്ലയിലെ എല്ലാ ഹൈസ്കൂളുകളിലും നടപ്പാക്കും. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനവും വടകര വിദ്യാഭ്യാസ ജില്ലയിലെ ടീൻസ് ക്ലബ് നോഡൽ അധ്യാപകർക്കുള്ള പരിശീലനവും കോഴിക്കോട് ഡയറ്റിൽ നടന്നു. ഡയറ്റ് പ്രിൻസിപ്പൽ ഡോ. യു.കെ. അബ്ദുന്നാസർ ഉദ്ഘാടനം ചെയ്തു. വടകര ഡി.ഇ.ഒ ഗീത രാംദാസ് അധ്യക്ഷത വഹിച്ചു.

കഴിഞ്ഞ വർഷം സർക്കാർ ഹൈസ്കൂളുകളിൽ മാത്രം നടപ്പാക്കിയ പദ്ധതി ഈ വർഷം എയ്ഡഡ് സ്കൂളുകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ഇതോടെ ജില്ലയിലെ 83 സർക്കാർ ഹൈസ്കൂളുകൾ, 100 എയ്ഡഡ് ഹൈസ്കൂളുകൾ, 33 അൺ എയ്ഡഡ് സ്കൂളുകൾ എന്നിവിടങ്ങളിലെ ഒൻപതാം ക്ലാസ് വിദ്യാർഥികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. എട്ട്, ഒൻപത്, 10 ക്ലാസുകളിലെ എല്ലാ വിദ്യാർഥികളും അംഗങ്ങളായ 'ടീൻസ് ക്ലബ്ബ്' വഴിയാണ് പദ്ധതി നടപ്പാക്കുന്നത്.

ഓരോ ഡിവിഷനിലും ഒമ്പതംഗ ക്ലാസ് കൗൺസിലും സ്കൂൾതലത്തിൽ ടീൻസ് സ്കൂൾ കൗൺസിലും പ്രവർത്തിക്കും. ലിംഗസമത്വവും ഭിന്നശേഷി പരിഗണനയും ഉറപ്പാക്കിയാണ് ഭാരവാഹികളെ തിരഞ്ഞെടുക്കുക. പ്രസിഡന്റ്, സെക്രട്ടറി എന്നിവരിൽ ഒരാൾ പെൺകുട്ടിയായിരിക്കണം. പഠനസമയത്തിന് തടസ്സമാകാത്ത രീതിയിൽ ആഴ്ചയിൽ 30 മിനിറ്റാണ് ടീൻസ് ക്ലബ് പ്രവർത്തനങ്ങൾക്കായി മാറ്റിവെക്കുക. കുട്ടികൾക്കുവേണ്ടി കുട്ടികൾ തന്നെ നയിക്കുന്ന പ്രവർത്തനങ്ങൾക്കാണ് മുൻഗണന.

ഓരോ സ്കൂളിലും പ്രത്യേക പരിശീലനം ലഭിച്ച ഒരു നോഡൽ അധ്യാപകനോ അധ്യാപികയോ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. മൂന്ന് വർഷമാണ് നോഡൽ അധ്യാപകരുടെ കാലാവധി. പ്രധാനാധ്യാപകൻ അധ്യക്ഷനായ സ്കൂൾതല സമിതിയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക. നോഡൽ ടീച്ചർ, സ്റ്റാഫ് സെക്രട്ടറി, എസ്.ആർ.ജി കൺവീനർ, പി.ടി.എ പ്രസിഡന്റ്, എം.പി.ടി.എ പ്രസിഡന്റ് എന്നിവരാണ് സമിതി അംഗങ്ങൾ.

സ്വയം തിരിച്ചറിയൽ, വൈകാരിക സുസ്ഥിതി, വ്യക്തിബന്ധങ്ങൾ, ശാരീരിക ആരോഗ്യം, പ്രത്യുൽപാദന ആരോഗ്യം, സാങ്കേതികവിദ്യയുടെ ശരിയായ ഉപയോഗം, ജീവിതനൈപുണികൾ തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകും.




മർകസ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ കതിർ കാർഷിക ക്ലബ്ബ് ഉദ്ഘാടനം കുന്ദമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സി വി സംജിത് നിർവഹിക്കുന്നു

# മർകസ് ഗേൾസിൽ കതിർ കാർഷിക ക്ലബ്ബിന് തുടക്കം

കാരന്തൂർ: മർകസ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ കതിർ കാർഷിക ക്ലബ്ബ് പ്രവർത്തനമാരംഭിച്ചു. ക്ലബ്ബ് പ്രവർത്തനത്തിന്റെ ഭാഗമായി നടന്ന പച്ചക്കറിത്തോട്ട നിർമാണ നിലം ഒരുക്കൽ കുന്ദമംഗലം ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് സി വി സംജിത് ഉദ്ഘാടനം ചെയ്തു.

പ്രാഥമിക ഘട്ടത്തിൽ സംസ്ഥാനത്തെ 500 വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ നിന്ന് മർകസ് ഗേൾസ് സ്കൂളാണ് തിരെഞ്ഞെടുക്കപ്പെട്ടത്. വിദ്യാർത്ഥികളിൽ കാർഷിക സംസ്കാരം വളർത്തുകയും ജൈവ മാലിന്യങ്ങളുപയോഗിച്ച് വളം നിർമാണം പരിശീലിപ്പിക്കുകയുമാണ് ക്ലബിലൂടെ ലക്ഷ്യമിടുന്നത്.

ഉദ്ഘാടന ചടങ്ങിൽ വാർഡ് മെമ്പർ ബിജു പൂതക്കണ്ടി അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ മൂസക്കോയ മാവിളി, പ്രധാനധ്യാപകൻ നിയാസ് ചോല, പിടിഎ പ്രസിഡണ്ട് എം അബ്ദുറഹ്മാൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ പി. ഷാജി, കൃഷി ഓഫീസർ ജെദീപ, അസിസ്റ്റന്റ് കൃഷി ഓഫീസർമാരായ എം. രൂപേഷ്, കൃഷി അസിസ്റ്റന്റ് കെ പി അനൂപ്, മാതൃകാ കർഷകൻ മുകുന്ദൻ കാരാട്ട്, എസ് എം സി ചെയർ പേഴ്സൺ നജ്‌ല ശബ്നം, എം പി ടി എ പ്രസിഡണ്ട് റുകിയ്യ, ക്ലബ്ബ് കൺവീനർ ഫസ്ന സംബന്ധിച്ചു.



പ്രവർത്തികൾ ഉടൻ പുനരാരംഭിക്കാൻ ഇരിക്കുന്ന കുറ്റിപ്പാലയിലെ ഫ്ലാറ്റ് സമുച്ചയം

# കുറ്റിപ്പാലയിലെ ഫ്ലാറ്റ് സമുച്ചയം എട്ട് മാസത്തത്തിനകം ഗുണഭോക്താക്കൾക്ക് കൈമാറും: മന്ത്രി മോൻസ് ജോസഫ്

മുക്കം നഗരസഭയിലെയും സമീപ പഞ്ചായത്തുകളിലെയും 44 കുടുംബങ്ങൾക്കായി കുറ്റിപ്പാലയിൽ കേരള ഹൗസിംഗ് ബോർഡ് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയം എട്ട് മാസത്തിനകം ഗുണഭോക്താക്കൾക്ക് കൈമാറുമെന്ന് ജലവിഭവ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി മോൻസ് ജോസഫ് നിയമസഭയിൽ അറിയിച്ചു. തിരുവമ്പാടി എം. എൽ. എ. സി. കെ. കാസിമിന്റെ ചോദ്യത്തിന് മറുപടി പറയുകയായിരുന്നു മന്ത്രി.

2020–21 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി, ഹൗസിംഗ് ബോർഡിന്റെ രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി പ്രകാരമാണ് ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചത്. 5.45 കോടി രൂപ ചെലവിൽ നാല് ബ്ലോക്കുകളിലായി 36 ഫ്ലാറ്റുകളാണ് നിർമ്മിക്കുന്നത്. പദ്ധതിയുടെ 78 ശതമാനം സിവിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ നാല് വർഷമായി നിർമ്മാണം മുടങ്ങിക്കിടക്കുകയാണ്.പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തിയതിനെത്തുടർന്ന് കരാർ റിസ്ക് ആൻഡ് കോസ്റ്റിൽ റദ്ദാക്കി. പുതിയ കരാറുകാരനെ കണ്ടെത്താൻ ഓഗസ്റ്റ് 24-ന് ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് സെപ്റ്റംബർ 14-ന് പുനർ ടെണ്ടർ ക്ഷണിച്ചപ്പോൾ ഒരാൾ മാത്രമാണ് പങ്കെടുത്തത്. ടെണ്ടർ വിലയിരുത്തൽ കോഴിക്കോട് മേഖലാ ഓഫീസിൽ പുരോഗമിക്കുകയാണെന്നും പ്രവൃത്തികൾ ഉടൻ പുനരാരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

2027 മേയ് മാസത്തോടെ നിർമ്മാണം പൂർത്തിയാക്കി ജൂണിൽ ഗുണഭോക്താക്കൾക്ക് ഫ്ലാറ്റുകൾ കൈമാറുമെന്നും മന്ത്രി വ്യക്തമാക്കി

## പേരാമ്പ്രയിലെ സംഘർഷം: ഇരുന്നൂറോളം പേർക്കെതിരേ കേസ്

പേരാമ്പ്ര: കോള് യൂനിയൻ തെരഞ്ഞെടുപ്പിന് പിന്നാലെ പേരാമ്പ്ര ടൗണിലുണ്ടായ സംഘർഷത്തിൽ ഇരുന്നൂറോളം പേർക്കെതിരേ പൊലിസ് കേസെടുത്തു. എട്ട് എസ്.എഫ്.ഐ പ്രവർത്തകർക്കും ആറ് യു.ഡി.എസ്.എഫ് പ്രവർത്തകർക്കും പുറമെ കണ്ടാലറിയാവുന്ന മറ്റ് നിരവധി പേർക്കുമെതിരേയാണ് കേസെടുത്തിരിക്കുന്നത്. കൂടാതെ നിരവധി ഇരുചക്ര വാഹനങ്ങളും പൊലിസ് കസ്റ്റഡിയിലെടുത്തു. സംഘർഷത്തെ തുടർന്ന് കുറ്റ്യാടികോഴിക്കോട് റോഡിൽ ഗതാഗതം തടസ്സപ്പെടുകയും ചില വ്യാപാര സ്ഥാപനങ്ങൾക്ക് നാശനഷ്ടം സംഭവിക്കുകയും ചെയ്തു. സംഘർഷത്തിൽ ഒരു സബ് ഇൻസ്പെക്ടർ ഉൾപ്പെടെയുള്ള പൊലിസുകാർക്കും പരുക്കേറ്റിരുന്നു.




നിയോജകമണ്ഡലത്തിൽ പാറക്കൽ അബ്ദുല്ല എംഎൽഎയുടെ ഫണ്ടിൽ നിന്ന് പ്രിയദർശിനി ബസിന് അനുവദിച്ച 40 ലക്ഷം രൂപ തിരുവനന്തപുരത്ത് വച്ച് ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ ഏറ്റുവാങ്ങുന്നു

# പ്രിയദർശിനി ബസിനുള്ള ഫണ്ട് കൈമാറി പാറക്കൽ അബ്ദുല്ല എം.എൽ.എ

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ യാത്രാക്ലേശത്തിന് പരിഹാരം കാണുന്നതിന്റെ ഭാഗമായി പാറക്കൽ അബ്ദുല്ല എം. എൽ. എയുടെ ഫണ്ടിൽ നിന്ന് പ്രിയദർശിനി ബസിന് അനുവദിച്ച 40 ലക്ഷം രൂപ കൈമാറി. തിരുവനന്തപുരത്ത് ഗതാഗത മന്ത്രിയുടെ ഓഫീസിൽ നടന്ന ഫണ്ട് കൈമാറ്റച്ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി സി. പി. ജോൺ തുക ഏറ്റുവാങ്ങി.

സാധാരണക്കാരുടെയും സ്ത്രീകളുടെയും യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പ്രിയദർശിനി പദ്ധതിയിലൂടെ കുറ്റ്യാടിയുടെ ഗതാഗത മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കുമെന്ന് പാറക്കൽ അബ്ദുല്ല എം. എൽ. എ പറഞ്ഞു.




അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണത്തിന്റെ (ഇന്റർനാഷണൽ ഡേ ഫോർ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ 2026) ഭാഗമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ഇന്റർ ഏജൻസി ഗ്രൂപ്പും സംയുക്തമായി ഐ. എ. ജി (ഇന്റർ ഏജൻസി ഗ്രൂപ്പ് ) അംഗങ്ങൾക്കായി കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ദുരന്ത നിവാരണ പരിശീലന പരിപാടി

# കുന്നമംഗലം താലൂക്ക് രൂപീകരണം: സെൻസസ് നടപടികൾക്കുശേഷം പരിഗണിക്കും

കേരളത്തിൽ അവശേഷിക്കുന്ന ഏക സബ് താലൂക്കായ കുന്നമംഗലത്തെ താലൂക്കായി ഉയർത്തണമെന്ന് എം.എ. റസാഖ് മാസ്റ്റർ എം.എൽ.എ നിയമസഭയിൽ ആവശ്യപ്പെട്ടു. പതിനാറാം നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ സബ്മിഷനിലൂടെയാണ് ആവശ്യം ഉന്നയിച്ചത്.

ജനസംഖ്യാബാഹുല്യവും ജോലിഭാരവും കാരണം മലയോര മേഖലയിലെ സാധാരണക്കാർ വിവിധ ആവശ്യങ്ങൾക്കായി കിലോമീറ്ററുകൾ സഞ്ചരിച്ച് കോഴിക്കോട് താലൂക്ക് ഓഫീസിനെ ആശ്രയിക്കേണ്ടി വരുന്നതായി എം.എൽ.എ. സഭയുടെ ശ്രദ്ധയിൽപ്പെടുത്തി. ഐ.ഐ.എം., എൻ.ഐ.ടി., എൻ.ഐ.ഇ.എൽ.ടി., സി.ഡബ്ല്യു.ആർ.ഡി.എം., സ്കൂൾ ഓഫ് മാത്തമാറ്റിക്സ്, മലബാർ ബൊട്ടാണിക്കൽ ഗാർഡൻ തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന, അതിവേഗം നഗരവൽക്കരിക്കപ്പെടുന്ന പ്രദേശമാണ് കുന്നമംഗലം. മിനി സിവിൽ സ്റ്റേഷൻ ഉൾപ്പെടെ ഒരു താലൂക്കിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഡെപ്യൂട്ടി തഹസിൽദാർ ഉൾപ്പെടെ എട്ട് ജീവനക്കാരും ഇവിടെയുണ്ട്. ഇതിൽ ആറുപേർ വിവിധ വകുപ്പുകളിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുകയാണ്.

1805-ൽ ബ്രിട്ടീഷ് ഭരണകാലത്ത് രൂപീകരിച്ച കുന്നമംഗലം സബ് താലൂക്ക് രണ്ട് നൂറ്റാണ്ട് പിന്നിട്ടിട്ടും താലൂക്ക് പദവി ലഭിക്കാത്ത സാഹചര്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കോഴിക്കോട്, താമരശ്ശേരി താലൂക്കുകൾ പുനഃക്രമീകരിച്ച് 18 വില്ലേജുകൾ ഉൾപ്പെടുത്തി കുന്നമംഗലം താലൂക്ക് രൂപീകരിക്കണമെന്നാണ് ആവശ്യം.

സെൻസസ് നടപടികൾ പൂർത്തിയായ ശേഷമേ പുതിയ താലൂക്കുകളുടെ കാര്യത്തിൽ തീരുമാനമെടുക്കാനാകൂ എന്ന് റവന്യൂ വകുപ്പ് മന്ത്രി എ.പി അനിൽകുമാർ മറുപടി നൽകി.13 നിയോജകമണ്ഡലങ്ങളുള്ള കോഴിക്കോട് ജില്ലയിൽ നാല് താലൂക്കുകൾ മാത്രമാണുള്ളതെന്നും, 39 വില്ലേജുകളുള്ള കോഴിക്കോട് താലൂക്കിൽ ജനസംഖ്യയും വിസ്തൃതിയും കൂടുതലായതിനാൽ ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടെന്നും മന്ത്രി വ്യക്തമാക്കി.2027-ലെ സെൻസസിനായി സംസ്ഥാനത്തെ ഭരണ യൂണിറ്റുകളുടെ അതിർത്തികളിൽ മാറ്റം വരുത്തരുതെന്ന് ഉത്തരവുള്ളതിനാൽ, സെൻസസ് പൂർത്തിയാകുന്ന മുറയ്ക്കേ പുതിയ താലൂക്കുകളുടെ കാര്യത്തിൽ തീരുമാനമെടുക്കാനാകൂ. പുതിയ താലൂക്കുകൾ രൂപീകരിക്കുമ്പോൾ കുന്നമംഗലം ആസ്ഥാനമായ താലൂക്കിന്റെ കാര്യം സർക്കാർ സജീവമായി പരിഗണിക്കുമെന്നും മന്ത്രി ഉറപ്പുനൽകി.

## അഞ്ച് ജില്ലകളിൽ ഓറഞ്ച് അലർട്ട്; 9 ഇടത്ത് യെല്ലോ

തിരുവനന്തപുരം: സംസ്ഥാനത്തെ മഴ മുന്നറിയിപ്പിൽ വീണ്ടും മാറ്റം. അഞ്ച് ജില്ലകളിൽ തീവ്രമഴ കണക്കിലെടുത്ത് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. മറ്റ് എല്ലാ ജില്ലകളിലും യെല്ലോ അലർട്ടാണ്. രാവിലെ ആറ് ജില്ലകളിൽ മാത്രമേ മഴ മുന്നറിയിപ്പ് ഉണ്ടായിരുന്നുള്ളു. അടുത്ത അഞ്ച് ദിവസം ശക്തമായ മഴ തുടരുമെന്നാണ് പ്രവചനം. തിരുവനന്തപുരം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലാണ് ഓറഞ്ച് അലർട്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് ജില്ലകളിൽ കേന്ദ്രകാലാവസ്ഥ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

# 18കാരിയെ കൊന്ന് കത്തിച്ചു; കാമുകനായ 19കാരൻ അറസ്റ്റിൽ

അടിമാലി (ഇടുക്കി): പനംകുട്ടി ചെക്ക് പോസ്റ്റിന് സമീപം റോഡരികിൽ 18കാരിയുടെ മൃതദേഹം കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തിയ സംഭവം ക്രൂരമായ കൊലപാതകമെന്ന് പൊലിസ്. സംഭവത്തിൽ കാമുകനായ ഖജനാപ്പാറ അംബേദ്കർ കോളനി സ്വദേശി നിശാന്തിനെ (19) അടിമാലി പൊലിസ് കസ്റ്റഡിയിലെടുത്തു.



തമിഴ്നാട് ബോഡിനായ്ക്കന്നൂർ സ്വദേശിനി നിത്യ ആണ് കൊല്ലപ്പെട്ടത്. ബന്ധുക്കൾ ഇടുക്കി മെഡിക്കൽ കോളജ് ആശുപത്രിയിലെത്തി മൃതദേഹം തിരിച്ചറിഞ്ഞിരുന്നു.

തോട്ടം തൊഴിലാളി കുടുംബത്തിൽപ്പെട്ട നിശാന്തും നിത്യയും മൂന്നുവർഷമായി പ്രണയത്തിലായിരുന്നുവെന്ന് ജില്ലാ പൊലിസ് മേധാവി ഡോ. എ. നസീം പറഞ്ഞു. കുട്ടിക്കാലം മുതൽ ഇരുവരും പരിചയക്കാരായിരുന്നുവെന്ന് ബന്ധുക്കളും വ്യക്തമാക്കി. ഒന്നിച്ചാണ് പഠിച്ചിരുന്നതും. നിത്യയ്ക്ക് 16 വയസുള്ളപ്പോൾ രണ്ടുവർഷം മുമ്പ് നിശാന്തിനൊപ്പം ഒളിച്ചോടിയിരുന്നു. തുടർന്ന് ഇരുവീട്ടുകാരും സംസാരിച്ച് പെൺകുട്ടിയ്ക്ക് 21 വയസ് തികയുമ്പോൾ വിവാഹം നടത്താമെന്ന് ധാരണയിലെത്തി. പിന്നീട് ഇരുവരും തമ്മിൽ ബന്ധമുണ്ടായിരുന്നില്ലെന്നാണ് ബന്ധുക്കൾ പറയുന്നത്. ഇതിനിടെ, തിങ്കളാഴ്ച ഉച്ചയോടെ നിത്യ നിശാന്തിനെ കാണാൻ പൂപ്പാറയിലെത്തി. തലേദിവസം മറ്റൊരു ഫോണിൽനിന്ന് നിശാന്തിനെ ബന്ധപ്പെടുകയും ഇയാളുടെ നിർദേശ പ്രകാരം എത്തുകയുമായിരുന്നു. രാജാക്കാട് എത്തിയ നിത്യയെ നിശാന്ത് ഓട്ടോറിക്ഷയിൽ കയറ്റി വിവാഹക്കാര്യം സംസാരിക്കാനായി അരവണപ്പാറയിലെ ഏലത്തോട്ടത്തിലേക്ക് കൊണ്ടുപോയി. റോഡിൽനിന്ന് ഏകദേശം 150 മീറ്റർ അകലെയുള്ള തോട്ടത്തിൽ വച്ച് ഇരുവരും തമ്മിൽ വാക്കുതർക്കമുണ്ടായി. തുടർന്ന് നിശാന്ത് നിത്യയെ താഴ്ചയിലേക്ക് തള്ളിയിട്ടു. മൊബൈൽ ഫോൺ ചാർജർ ഉപയോഗിച്ച് കഴുത്തിൽ മുറുക്കി ശ്വാസം മുട്ടിക്കുകയും മുഖത്ത് കല്ലുകൊണ്ട് ഇടിക്കുകയും ചെയ്ത് കൊലപ്പെടുത്തിയെന്നാണ് പൊലിസിന്റെ കണ്ടെത്തൽ.

രാത്രിയോടെ മൃതദേഹം ഓട്ടോറിക്ഷയിൽ കയറ്റി ലോവർ പെരിയാർ വനമേഖലയിലെത്തിച്ചു. കൈവശം കരുതിയിരുന്ന മൂന്ന് ലിറ്റർ പെട്രോൾ മൃതദേഹത്തിലൊഴിച്ച് കത്തിച്ചശേഷം പുലർച്ചെ രണ്ടുമണിയോടെ ഉപേക്ഷിക്കുകയായിരുന്നുവെന്ന് പൊലിസ് പറഞ്ഞു.

ഇതിനിടെ, ഇടുക്കി സന്ദർശിക്കാനെത്തിയ മലപ്പുറം സ്വദേശികളായ വിനോദസഞ്ചാരികൾ ചിത്രങ്ങളെടുക്കാനായി റോഡിൽനിന്ന് താഴേക്ക് ഇറങ്ങിയപ്പോഴാണ് കത്തിക്കരിഞ്ഞ നിലയിൽ ബുധനാഴ്ച മൃതദേഹം കണ്ടത്. തുടർന്ന് പൊലിസിനെ വിവരമറിയിക്കുകയായിരുന്നു. സംഭവത്തിൽ അടിമാലി പൊലിസ് കൂടുതൽ അന്വേഷണം നടത്തിവരികയാണ്.

# കൊടുവള്ളി സി.എച്ച്.സി റേഡിയോഗ്രാഫർ തസ്തിക നിലനിർത്തും

കൊടുവള്ളി: കുറ്റ്യാടി താലൂക്ക് ആശുപത്രിയിലേക്ക് പുനർവിന്യസിച്ച കൊടുവള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ റേഡിയോഗ്രാഫർ തസ്തിക കൊടുവള്ളിയിൽ തന്നെ നിലനിർത്തി ആരോഗ്യ വകുപ്പ് ഉത്തരവിറക്കി. റേഡിയോഗ്രാഫർ തസ്തിക പുനർവിന്യസിക്കാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആരോഗ്യവകുപ്പ് മന്ത്രിക്ക് പി.കെ ഫിറോസ് എം.എൽ.എ നടപടി പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നു.

പ്രതിദിനം നൂറുകണക്കിന് രോഗികൾ ചികിത്സയ്ക്കായി എത്തുന്ന ഇവിടെ റേഡിയോഗ്രാഫർ തസ്തിക നിലനിർത്താനുള്ള തീരുമാനം എക്സ്റേ പരിശോധനാ സേവനങ്ങളെ ആശ്രയിക്കുന്ന രോഗികൾക്ക് വലിയ ആശ്വാസമാകും. നിലവിൽ ആശുപത്രിയിൽ രണ്ട് റേഡിയോഗ്രാഫർ തസ്തികകളാണുള്ളത്. കൊടുവള്ളിയിലെയും സമീപപ്രദേശങ്ങളിലെയും സാധാരണക്കാരായ ജനങ്ങളുടെ പ്രധാന ആശ്രയ കേന്ദ്രമായ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ തസ്തിക നിലനിർത്താനുള്ള ഉത്തരവ് ജനങ്ങളുടെ ആരോഗ്യാവശ്യങ്ങൾ പരിഗണിച്ചുള്ള നടപടിയാണെന്ന് പി.കെ ഫിറോസ് എം.എൽ.എ പറഞ്ഞു.

## മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്താൻ സ്പെഷൽ ഡ്രൈവിൽ മൂന്ന് ദിവസം കുടുങ്ങിയത് 180 പേർ

കൽപ്പറ്റ: മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്താൻ ജില്ലയിൽ സ്പെഷൽ ഡ്രൈവ്. മൂന്ന് ദിവസത്തിനിടെ 180 കേസുകൾ രജിസ്റ്റർ ചെയ്തു.

നെടുമ്പാശേരി മിനി കൂപ്പർ അപകടത്തിന്റെ പശ്ചാത്തലത്തിലാണ് സംസ്ഥാന വ്യാപകമായി പൊലിസും മോട്ടോർ വാഹന വകുപ്പും സംയുക്തമായി പരിശോധന നടത്തുന്നത്.

മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരേ ശക്തമായ നടപടി സ്വീകരിക്കുമെന്ന് ജില്ലാ പൊലിസ് മേധാവി എസ്. ദേവമനോഹർ പറഞ്ഞു. ലൈസൻസ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ ഉണ്ടാകും. വാഹനാപകടങ്ങളുടെ എണ്ണം വർധിച്ച് വരികയാണ്.

രാത്രികാലങ്ങളിലാണ് അപകടങ്ങൾ കൂടുതൽ. ഉറങ്ങിപ്പോകുന്നതും മദ്യപിച്ച് വാഹനമോടിക്കുന്നതും അപകട കാരണമാകുന്നുണ്ട്. ഈ സാഹചര്യത്തിലാണ് സ്പെഷൽ ഡ്രൈവ്.

# സെൻട്രൽ മാർക്കറ്റ് നവീകരണം കെട്ടിടം പൊളിച്ചു നീക്കും



കോഴിക്കോട്: സെൻട്രൽ മാർക്കറ്റ് നവീകരണത്തിന്റെ ഭാഗമായി നിലവിലുള്ള കെട്ടിടം പൊളിച്ചുനീക്കാൻ തീരുമാനം. മേയർ ഒ. സദാശിവന്റെ അധ്യക്ഷതയിൽ ചേർന്ന അടിയന്തര കൗൺസിൽ യോഗത്തിലാണ് തീരുമാനമായത്. അതേസമയം, കഴിഞ്ഞ വർഷം ജൂലൈ 15ന് ചേർന്ന കൗൺസിൽ യോഗത്തിൽ ഇതേ അജൻഡയിൽ തീരുമാനമെടുത്തിരുന്നു. എന്നാൽ അന്ന് സർക്കാരിനെ അറിയിച്ചിരുന്നില്ല. 'സെൻട്രൽ മാർക്കറ്റ് നിർമാണം സംബന്ധിച്ച് ' എന്ന അജണ്ടയിലെ രണ്ട് കാര്യങ്ങൾ സർക്കാരിനെ അറിയിച്ചെങ്കിലും അധികം കാലപ്പഴക്കം ഇല്ലാത്ത കെട്ടിടം പൊളിക്കുന്നതിന് തീരുമാനിച്ച കാര്യം അറിയിച്ചില്ല. ഇതോടെയാണ് വീണ്ടും ഇന്നലെ ചേർന്ന അടിയന്തര കൗൺസിൽ പാസാക്കിയത്. വിശ്വനാഥൻ പുതുശേരിയും കൗൺസിൽ മുമ്പാകെ ഇക്കാര്യം അറിയിച്ചിരുന്നു. അന്നത്തെ അജണ്ട പൂർണമായും രേഖപ്പെടുത്താത് കാരണമാണ് വീണ്ടും അംഗീകാരത്തിനായി കൗൺസിൽ മുമ്പാകെ കൊണ്ടുവന്നതെന്നും സുപ്രണ്ടിങ് എൻജിനീയർ കെ.എൻ ബിജോയ് പറഞ്ഞു. പ്രധാനമന്ത്രി മത്സ്യ സമ്പത്ത് യോജന (പി.എം.എം.എസ്.വൈ) പദ്ധതിയിലുൾപ്പെടുത്തി 55.1 കോടി രൂപ ചെലവിലാണ് പദ്ധതി നടപ്പാക്കുന്നത്. നിലവിലുള്ള കെട്ടിടം പൊളിക്കാനുള്ള തീരുമാനത്തിന് സർക്കാർ അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ വേഗത്തിലാക്കുമെന്നും സർക്കാരിൽ നിന്ന് തീരുമാനം ഉടനെ ലഭ്യമാക്കാൻ എം.എൽ.എയുടെ സഹായം തേടിയതായും മേയർ ഒ.സദാശിവൻ വ്യക്തമാക്കി. നിലവിലുള്ള കെട്ടിടം അധികം കാലപ്പഴക്കം ഇല്ലാത്തതാണെന്ന അജണ്ടയിലെ പരാമർശം ആശങ്ക സൃഷ്ടിക്കാനിടയാക്കുമെന്ന് എസ്.വി മുഹമ്മദ് ഷമീൽ പറഞ്ഞു. എന്നാൽ 2002 ൽ നിർമിച്ച കെട്ടിടം അധികം വൈകാതെ പൊളിച്ചു മാറ്റേണ്ടി വരുമെന്നും എൻജിനിയർ അറിയിച്ചു. മത്സ്യക്കച്ചവടക്കാരേയും തൊഴിലാളികളെയും സംരക്ഷിച്ചു കൊണ്ടാവണം നവീകരണമെന്ന് കെ.സി ശോഭിത പറഞ്ഞു. കെട്ടിടം പൊളിച്ചു മാറ്റുന്നതിന്റെ ഭാഗമായി നിലവിലുള്ള കച്ചവടക്കാരെ പുനരധിവാസം ഉടൻ നടപ്പാക്കാനും യോഗത്തിൽ തീരുമാനമായി. ഡെപ്യൂട്ടി മേയർ ഡോ. എസ്. ജയശ്രീ, കെ. രാജീവ്, മനക്കൽ ശശി, ടി.പി.എം ജിഷാൻ, എസ്.കെ അബൂബക്കർ, വിശ്വനാഥൻ പുതുശേരി എന്നിവരും ചർച്ചയിൽ പങ്കെടുത്തു. പൊതുജന പങ്കാളിത്തത്തോടെയുള്ള നിർമലം പുതുയുഗ ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായുള്ള നടപടികൾ ഊർജിതമാക്കാനും കൗൺസിൽ യോഗം തീരുമാനിച്ചു. 2031 മാർച്ച് 30 വരെയുള്ള കാലയളവിൽ മാലിന്യ സംസ്കരണ മേഖലയിൽ സമഗ്രമായ മാറ്റം ലക്ഷ്യമിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ തീരുമാനമായി.

# ഒരു മാസമായി മുടക്കം; പൊന്നാനി ഗൂഡല്ലൂർ സർവിസ് തിരിച്ചെത്തണം

തിരൂർ: യാത്രക്കാർക്ക് ഏറെ ആശ്രയമായി തിരൂർ വഴി സർവിസ് നടത്തിയിരുന്ന പൊന്നാനിഗൂഡല്ലൂർ കെ.എസ്.ആർ.ടി.സി ഫാസ്റ്റ് പാസഞ്ചർ സർവിസ് ഒരു മാസമായി മുടങ്ങിയിട്ടും പുനരാരംഭിക്കാൻ നടപടിയില്ല. സർവിസ് ഓപ്പറേറ്റ് ചെയ്യുന്ന നിലമ്പൂർ ഡിപ്പോയിലെ ക്രമീകരണത്തിലെ വീഴ്ചയാണ് മുടക്കത്തിന് കാരണമെന്നാണ് യാത്രക്കാരുടെ ആരോപണം. സർവിസിന്റെ ഓപ്പറേഷൻ ചുമതല പൊന്നാനി ഡിപ്പോയ്ക്ക് കൈമാറി അടിയന്തരമായി സർവിസ് പുനരാരംഭിക്കണമെന്ന ആവശ്യം ശക്തമായി. ഗൂഡല്ലൂരിൽനിന്ന് നാടുകാണി, വഴിക്കടവ്, നിലമ്പൂർ, മഞ്ചേരി, മലപ്പുറം വഴി തിരൂരിലെത്തി പൊന്നാനിയിലേക്ക് സർവിസ് നടത്തിയിരുന്നു.

തിരൂരിൽ നിന്ന് നിലമ്പൂർ, വഴിക്കടവ് മേഖലകളിലേക്കും ഗൂഡല്ലൂർ, ഊട്ടി ഭാഗങ്ങളിലേക്കുമുള്ള യാത്രക്കാർക്ക് ഏറെ പ്രയോജനകരമായിരുന്നു ഈ ബസ്. സർവിസ് നിലച്ചതോടെ സ്ഥിരം യാത്രക്കാർക്ക് അധിക യാത്രയും സമയനഷ്ടവും നേരിടേണ്ടിവരുന്നതായാണ് പരാതി. സർവീസ് മുടങ്ങിയ വിവരം എം.എൽ.എ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും പുനരാരംഭിക്കുന്നതിന് ഫലപ്രദമായ ഇടപെടലുണ്ടായില്ലെന്നാണ് യാത്രക്കാരുടെ ആരോപണം. ഒരു മാസം പിന്നിട്ടിട്ടും പരിഹാരമാകാത്തതിൽ പ്രതിഷേധവും ശക്തമാണ്. നിലവിൽ ഈ സർവീസ് ഓപ്പറേറ്റ് ചെയ്യുന്ന നിലമ്പൂർ ഡിപ്പോയിൽനിന്ന് അന്തർ സംസ്ഥാന പെർമിറ്റുൾപ്പെടെ ബസ് പൊന്നാനി ഡിപ്പോയ്ക്ക് കൈമാറിയാൽ മുടക്കമില്ലാതെ സർവിസ് നടത്താൻ കഴിയുമെന്നാണ് യാത്രക്കാരുടെ നിലപാട്. യാത്രക്കാർക്ക് ഏറെ ഉപകാരപ്രദമായ സർവിസ് പുനരാരംഭിക്കാൻ കെ.എസ്.ആർ.ടി.സി അധികൃതരും ജനപ്രതിനിധികളും അടിയന്തരമായി ഇടപെടണമെന്നാണ് ആവശ്യം.

# എ. ഐ. എഫ് കോൺക്ലേവ്

നാദാപുരം: കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനവും സംരംഭകത്വവും ലക്ഷ്യമിട്ട് ചെക്യാട് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (എ.ഐ.എഫ്) കോൺക്ലേവ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.കെ. നവാസ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് അഹമ്മദ് പുന്നക്കൽ അധ്യക്ഷനായി.

കാർഷിക ഉൽപ്പന്നങ്ങളുടെ വിളവെടുപ്പാനന്തര നഷ്ടം കുറയ്ക്കുന്നതിനും സംസ്കരണസംഭരണ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് എ.ഐ.എഫ്.

പഞ്ചായത്ത് സെക്രട്ടറി കെ. മുഹമ്മദ് ആഷിഖ് പദ്ധതി വിശദീകരിച്ചു. സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് പ്രതിനിധി രഞ്ജിത്ത് മുരളി, ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സൺ എ.വി ഗായത്രി, കനറാ ബാങ്ക് മാനേജർ അശ്വനി എന്നിവർ ബോധവൽക്കരണ ക്ലാസുകൾക്ക് നേതൃത്വം നൽകി. അഹമ്മദ് കുറുവയിൽ, സി.എച്ച് ഹമീദ്, സി.കെ ജമീല, അബ്ദുല്ല വയലോളി, എ. ആമിന, സഫിയ വയലോളി, കെ.കെ അബ്ദുല്ല, കെ.പി കുമാരൻ, കെ. ബീജ, നസിയത്ത് മാമുണ്ടേരി, റൈഹാനത്ത് പാറേമ്മൽ, ഹാത്തിക മുഹമ്മദ്, എം.പി മൈമൂനത്ത്, കൃഷി ഓഫിസർ ടി.എസ് ഭാഗ്യലക്ഷ്മി സംസാരിച്ചു.

# വടക്കനാട് മേഖലയിൽ കാട്ടാനശല്യം രൂക്ഷം നെൽകൃഷി നശിപ്പിച്ചു



സുൽത്താൻ ബത്തേരി: ഒരിടവേളക്ക് ശേഷം കാട്ടാനശല്യത്താൽ പൊറുതിമുട്ടി വടക്കനാട് മേഖല. വനാതിർത്തിയിലെ തൂക്ക് ഫെൻസിങ് തകർത്ത് സ്ഥിരമായി കൃഷിയിടത്തിലെത്തുന്ന കാട്ടുകൊമ്പൻ വ്യാപകമായാണ് നെൽകൃഷി നശിപ്പിക്കുന്നത്. കഴിഞ്ഞദിവസങ്ങളിൽ ഓടപ്പള്ളത്ത് കൃഷി നശിപ്പിച്ച കാട്ടാന ഇന്നലെ പുലർച്ചെ വടക്കനാട് താവകൊല്ലിയിലും നെൽകൃഷി നശിപ്പിച്ചു.

വടക്കനാട് വള്ളുവാടി ഓടപ്പള്ളം മേഖലകളിൽ കൃഷി നിശിപ്പിക്കുകയും കർഷകനെ കൊലപ്പെടുത്തുകയും ചെയ്ത താത്തൂർ ടസ്കർ ഒന്ന് എന്ന മുട്ടികൊമ്പനെ കഴിഞ്ഞ ഏപ്രിലിൽ വനംവകുപ്പ് പിടികൂടി മുത്തങ്ങയിലെ കൂട്ടിലടച്ചിരുന്നു. തുടർന്ന് കുറച്ചുനാൾ കാട്ടാനശല്യത്തിന് അറുതിയായെങ്കിലും വീണ്ടും മറ്റൊരു കാട്ടാന പ്രദേശത്തെ കർഷകരുടെ സൈര്യജീവിതത്തിന് തടസമാവുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ കാടിറങ്ങിയെത്തിയ കാട്ടാന ഓടപ്പള്ളം കരിപ്പൂർ മേഖലകളിൽ വ്യാപകമായാണ് നെൽകൃഷി നശിപ്പിച്ചത്. ഇന്നലെ വെളുപ്പിന് വടക്കനാട് താവകൊല്ലി ഭാഗത്ത് ഇറങ്ങിയ കാട്ടുകൊമ്പൻ പുത്തൻകുടി വിനീത്, ഷാജി എന്നിവരുടെ നെൽകൃഷി തിന്നും ചവിട്ടിയും നശിപ്പിച്ചു. സമീപത്തെ വനാതിർത്തിയിൽ സ്ഥാപിച്ച തൂക്ക് വേലിക്ക് മുകളിലേക്ക് മരങ്ങൾ മറിച്ചിട്ടാണ് കാട്ടാന കാടിറങ്ങി കൃഷിയിടങ്ങളിൽ എത്തി വിളനാശം വരുത്തിയത്. നെൽച്ചെടികൾ കതിരിടുന്ന സമയത്തുണ്ടായ കാട്ടാനശല്യം കർഷകരെ ആശങ്കയിലാക്കുകയാണ്.

വരും ദിവസങ്ങളിലും കാട്ടാന കൃഷിയിടങ്ങളിൽ എത്താൻ സാധ്യതയുണ്ടെന്നും അതിനാൽ കൂടുതൽ വാച്ചർമാരെ പ്രദേശങ്ങളിൽ നിയോഗിച്ച് കൊമ്പന്റെ കാടിറക്കം തടയണമെന്ന ആവശ്യമാണ് കർഷകർ ഉന്നയിക്കുന്നത്. ഇത്തവണ കാലാവസ്ഥ വ്യതിയാനം തന്നെ കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ഇതിനിടെയാണ് കാട്ടാനശല്യം കർഷകർക്ക് ഇരുട്ടടിയായിരിക്കുന്നത്.

അതേസമയം, വടക്കനാട് മേഖലയിൽ ഇറങ്ങി വിള നശിപ്പിക്കുന്ന കാട്ടുകൊമ്പനെ ഉൾവനത്തിലേക്ക് തുരത്താനുള്ള നടപടികൾ വനംവകുപ്പ് ഊർജിതമാക്കിയിട്ടുണ്ട് വനംവകുപ്പ്. മുത്തങ്ങ ആനപന്തിയിലെ വിക്രം, ഭരത് എന്നീ കുംകി ആനകളെ പ്രദേശത്ത് എത്തിച്ച് വനാതിർത്തി മേഖലകളിൽ തിരച്ചിൽ നടത്തി കൊമ്പനെ ഉൾക്കാട്ടിലേക്ക് തുരത്താനുള്ള ശ്രമങ്ങളാണ് നടക്കുന്നത്.

കഴിഞ്ഞ ദിവസം കുറിച്യാട് റെയിഞ്ചിലെ താത്തൂർ സെക്ഷനിലെ ഓനച്ചൻ കവല, കത്തിവരകൊല്ലി, പാറക്കൊല്ലി എന്നിവിടങ്ങളിൽ തിരിച്ചിൽ നടത്തിയെങ്കിലും കൊമ്പനെ കണ്ടെത്താനായിരുന്നില്ല.

ഇതിന് പിന്നാലെയാണ് ഇന്നലെ പുലർച്ചെ വടക്കനാട് താവകൊല്ലി മേഖലയിൽ കൊമ്പൻ ഇറങ്ങി നെൽകൃഷി നശിപ്പിച്ചത്. ഇതേതുടർന്ന് താവകൊല്ലി ഓനച്ചൻകവല അമ്പതേക്കർ മേഖലകളിൽ കുങ്കി ആനകളെ ഉപയോഗിച്ച് വനം വകുപ്പ് ഇന്നും കാട്ടാനയ്ക്കായി തിരിച്ചിൽ നടത്തിയെങ്കിലും കണ്ടെത്താനിയിട്ടില്ല. ഈ സാഹചര്യത്തിൽ കാട്ടാന കൃഷിയിടങ്ങളിൽ ഇറങ്ങുന്നത് തടയാൻ കൂടൂതൽ ജീവനക്കാരെ എത്തിച്ച് രാത്രികാല പട്രോളിങ് ശക്തമാക്കാനുമാണ് തീരുമാനം.

അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം 2026 :

# ഐ. എ. ജി അംഗങ്ങൾക്കായി ദുരന്ത നിവാരണ പരിശീലന പരിപാടി സംഘടിപ്പിച്ചു

അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണത്തിന്റെ (ഇന്റർനാഷണൽ ഡേ ഫോർ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ 2026) ഭാഗമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ഇന്റർ ഏജൻസി ഗ്രൂപ്പും സംയുക്തമായി ഐ. എ. ജി (ഇന്റർ ഏജൻസി ഗ്രൂപ്പ് ) അംഗങ്ങൾക്കായി ദുരന്ത നിവാരണ പരിശീലന പരിപാടി സംഘടിപ്പിച്ചു.

കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ ദുരന്ത നിവാരണ ഡെപ്യൂട്ടി കളക്ടർ കെ. കെ. പ്രസീൽ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ഐ. എ. ജി. കൺവീനർ പി. സിക്കന്ദർ അദ്ധ്യക്ഷത വഹിച്ചു.

മീഞ്ചന്ത ഫയർ സ്റ്റേഷൻ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ കെ.ടി. റഫീഖ് പരിശീലന ക്ലാസിന് നേതൃത്വം നൽകി. ചടങ്ങിൽ ജില്ലാ ഹസാർഡ് അനലിസ്റ്റ് പി. അശ്വതി, റഷീദ് പുന്നൂർ, ബിജു കക്കയം, പ്രകാശ് മാത്യു, നിഷ റോബിൻ, പി. കെ അബ്ദുൾ മജീദ്, കെ. സഫീർ തുടങ്ങിയവർ സംസാരിച്ചു.

എല്ലാ വർഷവും ഒക്ടോബർ 13 നാണ് ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനമായി ആചരിക്കുന്നത്. പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും ദുരന്തസാധ്യതകളെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിനുമാണ് ദിനാചരണം. ദുരന്തങ്ങളെ മുന്നിൽക്കണ്ടുള്ള മുൻകരുതലുകൾ, അടിയന്തര സാഹചര്യങ്ങളിലെ ഏകോപനം, സന്നദ്ധ സംഘടനകളുടെയും ഏജൻസികളുടെയും പങ്കാളിത്തം എന്നിവ ഉറപ്പാക്കുന്നതിൽ ഐ. എ. ജി പോലുള്ള കൂട്ടായ്മകൾ വലിയ പങ്കാണ് വഹിക്കുന്നത്.



കരിപ്പൂർ വിമാനത്താവളത്തിൽ എത്തിയ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണനെ സംസ്ഥാന സർക്കാരിന് വേണ്ടി കൃഷി വകുപ്പു മന്ത്രി ടി സിദ്ധീഖ് സ്വീകരിക്കുന്നു. എംപി ഇ ടി മുഹമ്മദ് ബഷീർ സമീപം.

ആനക്കാംപൊയിൽകള്ളാടി തുരങ്കപാത

# നിർമാണം നിർത്തിയിട്ട് 100 ദിവസം പിന്നിട്ടു



**സർക്കാർ അനാസ്ഥയിൽ പ്രതിഷേധിച്ച് മേപ്പാടിയിൽ നാളെ ബഹുജന ധർണ**

കൽപ്പറ്റ: വയനാടിന്റെ സ്വപ്ന പദ്ധതിയായ ആനക്കാംപൊയിൽകള്ളാടി തുരങ്കപാതയുടെ നിർമാണം നിർത്തിവെച്ചിട്ട് നൂറുദിവസം പിന്നിടുന്നു. ജില്ലയിലേക്ക് റെയിൽവേയോ മറ്റ് ഗതാഗത മാർഗങ്ങളോ ഇല്ലാത്ത സാഹചര്യത്തിൽ റോഡ് ഗതാഗതത്തെ മാത്രമാണ് ഈ നാട്ടിലെ ജനത പരിപൂർണമായും ആശ്രയിക്കുന്നത്. വയനാടിന് ഒരു ബദൽപാതയായി പ്രഖ്യാപിച്ച് നിർമാണം ആരംഭിച്ച കള്ളാടിആനക്കാംപൊയിൽ തുരങ്കപാത, പ്രാരംഭ ഘട്ടത്തിൽ ഉണ്ടായ മണ്ണിടിച്ചിലിന്റെ പേരിലാണ് നിർത്തി വെച്ചിരിക്കുന്നത്. ആനക്കാംപൊയിൽ ഭാഗത്ത് തുരങ്ക നിർമാണം പുരോഗതി കൈവരിച്ചിരുന്നു. വലത് ടണൽ 120 മീറ്ററിലധികവും ഇടത് ടണൽ 20 മീറ്ററിലധികവും പൂർത്തിയായതാണ്. അത്രയും ജോലി പൂർത്തിയായ ഒരു പദ്ധതിയാണ് അനിശ്ചിതമായി നീണ്ടുപോകുന്നത്. ജില്ലയുടെ വികസനത്തിന മാത്രമല്ല, ഒരു ദുരന്തമുണ്ടായാൽ ജനങ്ങളുടെ ജീവൻ രക്ഷിക്കാൻ പോലും ഈ ബദൽ പാത അനിവാര്യമാണ്. താമരശ്ശേരി ചുരത്തിൽ ഒരു അപകടമോ മണ്ണിടിച്ചിലോ ഉണ്ടായാൽ വയനാട് ഒറ്റപ്പെടും എന്ന ഭീതിയിലാണ് ഓരോ മഴക്കാലവും ജനങ്ങൾ കഴിയുന്നത്. രോഗികൾക്ക് ആശുപത്രിയിലെത്താൻ പോലും കഴിയാത്ത അവസ്ഥ. ഈ സാഹചര്യത്തിലാണ് വയനാടിന്റെ ജീവൻരേഖയായി 8.17 കിലോമീറ്റർ വരുന്ന തുരങ്കപാത പ്രഖ്യാപിക്കപ്പെട്ടത്. 2134 കോടി ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ നിർമാണം പൂർത്തിയായാൽ കോഴിക്കോട് നിന്ന് വയനാട്ടിലേക്കുള്ള ദൂരം 38 കിലോമീറ്റർ കുറയും. എന്നാൽ, രണ്ടുമാസം മുമ്പ് ആനക്കാംപൊയിൽ ഭാഗത്ത് ഉണ്ടായ ചെറിയ മണ്ണിടിച്ചിലിനെ തുടർന്ന് കരാർ കമ്പനി ജോലി നിർത്തിവെക്കുകയായിരുന്നു. ഇതിനെ തുടർന്ന് സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകിയിട്ടും പണി പുനരാരംഭിച്ചിട്ടില്ല.ഈ സാഹചര്യത്തിൽ കള്ളാടിആനക്കാംപൊയിൽ തുരങ്കപാത കർമസമിതി നാളെ വൈകീട്ട് 4.30ന് മേപ്പാടി ടൗണിൽ ധർണ നടത്തും. മണ്ണിടിച്ചിൽ ദുരന്തത്തെ തുടർന്ന് നിർത്തിവെച്ച തുരങ്കപാത നിർമാണം ഉടൻ പുനരാരംഭിക്കണമെന്ന ആവശ്യവുമായാണ് ധർണയെന്ന് കർമസമിതി കൺവീനർ അറിയിച്ചു.

പ്രദേശവാസികളുടെ പൂർണമായ സുരക്ഷ ഉറപ്പാക്കിക്കൊണ്ട്, വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ നിർമാണം അടിയന്തരമായി പുനരാരംഭിക്കണമെന്നും തുരങ്കം വന്നാൽ യാത്രാദുരിതത്തിന് അറുതിയാകുമെന്നും കർമ സമിതി ചൂണ്ടിക്കാട്ടി. ഉരുൾപൊട്ടൽ ഉണ്ടായി ജില്ല ഒറ്റപ്പെട്ടപ്പോഴും ഒരു ബദൽ പാതയുടെ ആവശ്യകത എല്ലാവരും പറഞ്ഞതാണ്. ഇപ്പോൾ പണി പാതിവഴിയിൽ നിർത്തിയിരിക്കുന്നു. പ്രദേശവാസികളുടെ സുരക്ഷ ഉറപ്പാക്കി, ശാസ്ത്രീയ പഠനം നടത്തി എത്രയും പെട്ടെന്ന് പണി പുനരാരംഭിക്കണമെന്നാണ് പ്രദേശവാസികൾ പറയുന്നത്.

# റമദാനും ക്രിസ്മസും ഓണവും ഒരുമിച്ച് ആഘോഷിക്കുന്ന കേരളം: മാതൃക ഉപരാഷ്ട്രപതി

കോഴിക്കോട്: ഭാരതത്തിന്റെ സാംസ്കാരിക പൈതൃകവും വികസന ലക്ഷ്യങ്ങളും പരസ്പരപൂരകങ്ങളാണെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ.

കോഴിക്കോട് ചാലപ്പുറം കേസരി ഭവനിൽ സംഘടിപ്പിച്ച നവരാത്രി സർഗോത്സവം 2026 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 'വികാസ് ഭി, വിരാസത് ഭി' (വികസനവും പൈതൃകവും) എന്ന കാഴ്ചപ്പാടിനെ മുൻനിർത്തിയാണ് ഉപരാഷ്ട്രപതി ഇക്കാര്യം വ്യക്തമാക്കിയത്.

ഒരു ആൽമരം അതിന്റെ ആഴത്തിലുള്ള വേരുകളിൽ നിന്ന് ശക്തി ഉൾക്കൊണ്ട് ശാഖകൾ വികസിപ്പിക്കുന്നത് പോലെയാണ് രാജ്യത്തിന്റെ വളർച്ചയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ആധുനികതയെയും പുരോഗതിയെയും സ്വീകരിക്കുമ്പോഴും ഭാരതത്തിന്റെ പാരമ്പര്യങ്ങളും മൂല്യങ്ങളും രാജ്യത്തിന് സ്ഥിരതയും വ്യക്തിത്വവും തുടർച്ചയും നൽകുന്നുണ്ട്.

സൃഷ്ടി, ശക്തി, ജ്ഞാനം, കരുണ എന്നിവയുടെ ശാശ്വത ഉറവിടമായ ആദിപരാശക്തിയെയാണ് നവരാത്രി ക്കാലത്ത് ആരാധിക്കുന്നത്. ഭയത്തെ ധൈര്യം കൊണ്ടും അനീതിയെ നീതി കൊണ്ടും അജ്ഞതയെ ജ്ഞാനം കൊണ്ടും മറികടക്കണമെന്നതാണ് നവരാത്രിയുടെ കാലാതീതമായ സന്ദേശം. ഭാഷകളിലും ആരാധനാ രീതികളിലും വൈവിധ്യമുണ്ടെങ്കിലും പങ്കുവയ്ക്കപ്പെട്ട സാംസ്കാരിക പൈതൃകത്തിലൂടെ ഭാരതം ഒന്നിച്ചുനിൽക്കുന്നു. ഇത് ഏക ഭാരതം, ശ്രേഷ്ഠ ഭാരതം എന്ന ആശയത്തിന്റെ അന്തഃസത്തയെയാണ് പ്രതിഫലിപ്പിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.രാഷ്ട്രീയ അക്രമങ്ങൾ അവസാനിച്ചാൽ കേരളം വീണ്ടും ദൈവത്തിന്റെ സ്വന്തം നാടാകുമെന്ന് ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു. അക്രമം ഒരിക്കലും വിജയിക്കില്ല എന്നതിന്റെ ജീവിക്കുന്ന ഉദാഹരണമാണ് സി. സദാനന്ദൻ മാസ്റ്റർ. പല പേരുകളിലുള്ള ദൈവം ഒന്നുതന്നെയാണ്. റമദാനും ക്രിസ്മസും ഓണവും ഒരുമിച്ച് ആഘോഷിക്കുന്ന കേരളത്തിന്റെ മതസൗഹാർദ പാരമ്പര്യം മാതൃകാപരമാണ്.

മലയാളി ഗോവ ഗവർണറാകുന്നതും ഗോവയിലുള്ളയാൾ കേരള ഗവർണറാകുന്നതുമാണ് ഭാരതത്തിന്റെ യഥാർഥ സൗന്ദര്യമെന്നും അദ്ദേഹം പറഞ്ഞു.

മലയാള മാധ്യമ പ്രവർത്തന രംഗത്തും ജനാധിപത്യ മൂല്യങ്ങളും അഭിപ്രായ സ്വാതന്ത്ര്യവും വളർത്തുന്നതിലും കേസരി നൽകിയ സംഭാവനകളെ ഉപരാഷ്ട്രപതി പ്രത്യേകം അഭിനന്ദിച്ചു.

കലയും ആധ്യാത്മികതയും വിജ്ഞാനവും സമ്മേളിക്കുന്ന പത്തുദിവസം നീണ്ടുനിൽക്കുന്ന നവരാത്രി സർഗോത്സവത്തിൽ പ്രമുഖരുടെ പ്രഭാഷണങ്ങളും കലാപരിപാടികളും അരങ്ങേറും. ഭജന, ബൊമ്മക്കൊലു പ്രദർശനം, ചലച്ചിത്ര സംവിധായകൻ ജയരാജിന്റെ സിനിമകളുടെ പ്രദർശനം എന്നിവയ്ക്ക് പുറമെ വിദ്യാർഥികൾക്കായി ശാസ്ത്രീയ സംഗീതം, ലളിതഗാനം, ചിത്രരചന, ക്വിസ് തുടങ്ങിയ മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ ദിവസവും രാവിലെ പ്രമുഖ യോഗാചാര്യന്മാരുടെ നേതൃത്വത്തിൽ യോഗ പരിശീലനവും നടക്കും.

ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് കോഴിക്കോട് നഗരത്തിൽ കർശന സുരക്ഷാ ക്രമീകരണങ്ങളും ഗതാഗത നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിരുന്നു. സുരക്ഷാ മുൻകരുതലുകളുടെ ഭാഗമായി കോഴിക്കോട് കോർപറേഷൻ പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഉച്ചയ്ക്ക് ശേഷം ജില്ല കലക്ടർ അവധി പ്രഖ്യാപിച്ചിരുന്നു.




മുക്കത്ത് നടക്കുന്ന ജില്ലാ കായിക മേളയിൽ ഹാമർ ത്രോയിൽ പങ്കെടുക്കുന്ന മത്സരാർഥി

# കൊച്ചിയുടെ കൊമ്പൻ വേട്ട; രണ്ടാം സ്ഥാനത്തേക്ക്



കൊച്ചി: സൂപ്പർ ലീഗ് കേരളയിൽ തിരുവനന്തപുരം കൊമ്പൻസ് എഫ്സിയെ ഏകപക്ഷീയമായ മൂന്ന് ഗോളുകൾക്ക് തകർത്ത് ഫോഴ്സ കൊച്ചി എഫ്സി. നാലാം റൗണ്ടിലെ ആദ്യ മത്സരത്തിലെ ജയത്തോടെ നാല് കളികളിൽ നിന്ന് എട്ട് പോയന്റുമായി ഫോഴ്സ കൊച്ചി ടേബിളിൽ രണ്ടാം സ്ഥാനത്തേക്ക് ഉയർന്നു. കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിന്റെ ഇരുപകുതികളിലായി രാഘവ് ഗുപ്ത, രാഹുൽ രാജു, ഹർഷൽ റഹ്മാൻ എന്നിവരാണ് കൊച്ചിക്കായി ഗോൾ നേടിയത്. നാല് കളിയിൽ നാല് പോയന്റുള്ള കൊമ്പൻസ് നാലാം സ്ഥാനത്താണ്.

മത്സരത്തിന്റെ ആറാം മിനിറ്റിൽ തന്നെ കൊച്ചി ആദ്യ ഗോൾ നേടി. വലതു വിങിൽ നിന്ന് ഡീഗോ ഹെർണാണ്ടസ് ഉയർത്തി നൽകിയ പന്ത് രാഹുൽ രാജു കൃത്യമായ ഹെഡറിലൂടെ രാഘവ് ഗുപ്തയുടെ മുന്നിലേക്ക് വഴിതിരിച്ചുവിട്ടു. ബോക്സിനുള്ളിലെ ചെറിയ ഇടം കൃത്യമായി വായിച്ച ഗുപ്തയുടെ ക്ലോസ് റേഞ്ച് ഷോട്ട് വലയിലെത്തുമ്പോൾ കൊമ്പൻസ് ഗോൾകീപ്പർ സത്യജിത്തിന് പ്രതികരിക്കാൻ പോലുമായില്ല (10). വിങിലൂടെയുള്ള മുന്നേറ്റവും ബോക്സിനുള്ളിലെ കൃത്യമായ പൊസിഷനിങ്ങും ഒത്തുചേർന്നപ്പോൾ കൊച്ചിക്ക് മത്സരത്തിന്റെ തുടക്കത്തിൽ തന്നെ ലീഡ് സ്വന്തമാക്കാൻ കഴിഞ്ഞു.രണ്ടു മിനിറ്റിനകം കൊമ്പൻസിന് തിരിച്ചടിക്കാൻ അവസരം ലഭിച്ചെങ്കിലും, പാട്രിക് മോട്ടയുടെ ഫ്രീകിക്കിൽ കൊച്ചി പ്രതിരോധം പതറിയെങ്കിലും ഷിജിനും പൗളോ സാന്റോസും ഷോട്ട് എടുക്കുന്നതിൽ കാണിച്ച ആശയക്കുഴപ്പം ആതിഥേയർക്ക് തുണയായി.

തുടർച്ചയായ രണ്ട് ആക്രമണങ്ങൾ പോസ്റ്റിലും ക്രോസ് ബാറിലും തട്ടിത്തെറിച്ചതിന് പിന്നാലെ 35-ാം മിനിറ്റിൽ കൊച്ചി ലീഡ് രണ്ടാക്കി ഉയർത്തി. ഇടതുവിങ്ങിലൂടെ മുന്നേറിയ രാഹുൽ രാജുവിന്റെ കൃത്യമായ ഫിനിഷിങ് പന്ത് വലയിലെത്തിച്ചു (20). സീസണിലെ താരത്തിന്റെ മൂന്നാം ഗോൾ കൂടിയാണിത്. ആദ്യപകുതി അവസാനിക്കുംമുമ്പേ ആക്രമണത്തിലെ പോരായ്മകൾ പരിഹരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി കൊമ്പൻസ് ഷിജിനെ പിൻവലിച്ച് ഹൃതിക് ആന്റണിയെ കളത്തിലിറക്കി.

രണ്ടാം പകുതിയുടെ തുടക്കത്തിൽ കൊമ്പൻസ് തിരിച്ചടിക്ക് ശ്രമിച്ചപ്പോഴെല്ലാം കൊച്ചി പ്രതിരോധം ഉറച്ചുനിന്നു. പിന്നിലേക്ക് ഇറങ്ങിവന്ന് നായകൻ ജോനാഥൻ പരേര പ്രതിരോധനിരയെ നയിച്ച് എതിർനീക്കങ്ങളെ തടയിട്ടു. ഒടുവിൽ 66-ാം മിനിറ്റിൽ കൊച്ചി വിജയമുറപ്പിച്ചുകൊണ്ട് മൂന്നാം ഗോൾ നേടി. ബോക്സിന് പുറത്തുനിന്നുള്ള ഹർഷൽ റഹ്മാന്റെ ഷോട്ട്, ഡൈവ് ചെയ്തു തടയാൻ ശ്രമിച്ച കൊമ്പൻസ് ഗോളി സത്യജിത്തിന്റെ കൈകൾക്കിടയിലൂടെ പോസ്റ്റിലേക്ക് പതിക്കുകയായിരുന്നു (30). മത്സരത്തിന്റെ അവസാന ഘട്ടത്തിൽ (88ാം മിനിറ്റിൽ) പാട്രിക് മോട്ടയെടുത്ത ഫ്രീകിക്ക് ഇഞ്ചുകളുടെ വ്യത്യാസത്തിൽ പുറത്തുപോയതോടെ കൊമ്പൻമാരുടെ തിരിച്ചുവരവിനുള്ള പ്രതീക്ഷകൾ അവസാനിച്ചു.

# പരമ്പര സ്വന്തമാക്കാൻ ഇന്ത്യയും വിൻഡീസും



ബെംഗളൂരു: റണ്ണൊഴുകിയ നാല് മത്സരങ്ങൾ, ഇരുടീമുകളും രണ്ട് ജയവുമായി തുല്യതയിൽ. അഞ്ചാം മത്സരത്തെ ഫൈനൽ പോരാട്ടമെന്ന് വിശേഷിപ്പിക്കാൻ ഇതിലും മികച്ചൊരവസരമില്ല. ഇന്ത്യ - വെസ്റ്റിൻഡീസ് ട്വന്റി-20 പരമ്പരയിലെ അവസാനമത്സരം ബെംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ നടക്കുമ്പോൾ ഇരുടീമുകൾക്കും ഒറ്റ ലക്ഷ്യമേയുള്ളൂ, പരമ്പര വിജയം. ശനിയാഴ്ച രാത്രി ഏഴ് മണിക്കാണ് മത്സരം.

നാല് മത്സരങ്ങളിലായി ഒഴുകിയത് 1746 റൺസാണ്. ഒന്നും മൂന്നും മത്സരങ്ങൾ ഇന്ത്യയും രണ്ടും നാലും മത്സരങ്ങൾ വിൻഡീസും ജയിച്ചതോടെയാണ് അഞ്ചാം മത്സരത്തിന് ഫൈനലിന്റെ ഗാംഭീര്യം വന്നത്. ബെംഗളൂരുവിലെ പിച്ചിലും റണ്ണൊഴുകമെന്നതിനാൽ പോരാട്ടം കനക്കും.വിൻഡീസിൽ നിന്ന് ഇത്തരമൊരു വെല്ലുവിളി ടീം ഇന്ത്യ പ്രതീക്ഷിച്ചിരുന്നില്ല. ബാറ്റിങ് പറുദീസയായ പിച്ചുകളിൽ വിൻഡീസ് ബാറ്റർമാർ തകർത്തടിച്ചതോടെ പരമ്പരയിൽ അനായാസജയമെന്ന മോഹം പൊലിഞ്ഞു. ഇനി പരമ്പര നേടി തലയുയർത്തുകയെന്ന ലക്ഷ്യമാണ് ഇന്ത്യൻ ടീമിന് മുന്നിലുള്ളത്.ബാറ്റർമാരുടെ ഫോമിൽ ടീമിന് ആശങ്കയില്ല. സഞ്ജു സാംസൺ- അഭിഷേക് ശർമ ഓപ്പണിങ് ജോഡി മികച്ച ഫോമിലാണ്. വൺഡൗണായി ഇഷാൻ കിഷനും നാലാം നമ്പറിൽ ശ്രേയസ് അയ്യരും നന്നായി കളിക്കുന്നുണ്ട്. തിലക് വർമ, ഓൾറൗണ്ടർമാരായ നിധീഷ്കുമാർ റെഡ്ഡി, അക്സർ പട്ടേൽ എന്നിവരും ബാറ്റിങ് ആഴം കൂട്ടുന്നവരാണ്.

ബൗളിങ്ങിൽ ഇന്ത്യക്ക് പ്രശ്നങ്ങളുണ്ട്. പേസർ അർഷ്ദീപ് സിങ്ങിന് പരിക്കേറ്റതോടെ വെറ്ററൻ താരം ഭുവനേശ്വർകുമാറിനെ ടീമിലെത്തിച്ചിട്ടുണ്ട്. ചൈനമെൻ സ്പിന്നർ കുൽദീപ് യാദവിനെ കളിപ്പിക്കുമോയെന്നുറപ്പായിട്ടില്ല.

പരമ്പരയിൽ മിന്നുന്ന ഫോമിൽ കളിക്കുന്ന ക്യാപ്റ്റൻ ഷായ് ഹോപ്പിലാണ് വിൻഡീസിന്റെ പ്രതീക്ഷയത്രയും. പരമ്പരയിലെ നാല് കളികളിലായി 135 പന്തിൽനിന്ന് 261 റൺസാണ് താരം നേടിയത്. രണ്ട് സെഞ്ചുറിയും ഒരു അർധ സെഞ്ചുറിയും വന്നുകഴിഞ്ഞു. ഹോപ് ഫോം തുടർന്നാൽ പരമ്പര വിൻഡീസിന്റെ കൈയിലിരിക്കും.

ഷെർഫാനെ റുഥർഫോഡ്, റൊമാരിയോ ഷെപ്പേർഡ്, ഷിംറോൺ ഹെറ്റ്മെയർ എന്നിവരുടെ പ്രകടനവും നിർണായകമാകും. കഴിഞ്ഞ മത്സരത്തിൽ അഞ്ച് വിക്കറ്റ് വീഴ്ത്തിയ പേസർ കീമോ പോളിൽ നിന്ന് അത്തരമൊരു പ്രകടനമാണ് ടീം പ്രതീക്ഷിക്കുന്നത്.

# രമേഷ് പവാർ ബിസിസിഐ സീനിയർ സെലക്ഷൻ കമ്മിറ്റിയിലേക്ക്; പ്രഗ്യാൻ ഓജ ചീഫ് സെലക്ടറായേക്കും



മുംബൈ: മുൻ ഇന്ത്യൻ സ്പിന്നർ രമേഷ് പവാർ ബിസിസിഐ സെലക്ഷൻ കമ്മിറ്റിയിലേക്കെന്ന് റിപ്പോർട്ട്. അജിത് അഗാർക്കറുടെ കാലാവധി പൂർത്തിയായതിനെ തുടർന്നാണ് ഒഴിവുവന്ന സ്ഥാനത്തേക്ക് ബിസിസിഐ അപേക്ഷകൾ ക്ഷണിച്ചത്. മുൻ ഇന്ത്യൻ സ്പിന്നർ പ്രഗ്യാൻ ഓജ പുതിയ ചീഫ് സെലക്ടറായി സെലക്ഷൻ പാനലിനെ നയിക്കാനാണ് സാധ്യത.ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിന്റെ മുഖ്യ പരിശീലകനായി രണ്ട് തവണ സേവനമനുഷ്ഠിച്ചിട്ടുള്ള പവാർ, ഇന്ത്യക്കായി രണ്ട് ടെസ്റ്റുകളിലും 31 ഏകദിനങ്ങളിലും കളിച്ചിട്ടുണ്ട്. ഒക്ടോബർ 15-ന് ക്രിക്കറ്റ് അഡ്വൈസറി കമ്മിറ്റി നടത്തിയ അഭിമുഖത്തിൽ വസീം ജാഫർ, കോണർ വില്യംസ്, ജേക്കബ് മാർട്ടിൻ എന്നിവർക്കൊപ്പം പവാറും പങ്കെടുത്തിരുന്നു. തുടക്കത്തിൽ ജൂനിയർ സെലക്ഷൻ കമ്മിറ്റി തലവനാകാനാണ് പവാറിനെ പരിഗണിച്ചിരുന്നതെങ്കിലും, പിന്നീട് അദ്ദേഹത്തെ സീനിയർ സെലക്ഷൻ പാനലിലേക്ക് ഉൾപ്പെടുത്താൻ ക്രിക്കറ്റ് അഡ്വൈസറി കമ്മിറ്റി തീരുമാനിക്കുകയായിരുന്നു.അതേസമയം, അഗാർക്കർക്ക് പകരക്കാരനായി പരിഗണിക്കപ്പെട്ടിരുന്ന മുൻ വിക്കറ്റ് കീപ്പർ ബാറ്റർ പാർഥിവ് പട്ടേൽ ഈ പദവിയിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നില്ല. സെലക്ഷൻ കമ്മിറ്റിയിൽ വരുത്തുന്ന പുതിയ മാറ്റങ്ങളുടെ ഭാഗമായി, സെന്റർ ഓഫ് എക്സലൻസ് മേധാവി വി.വി.എസ്. ലക്ഷ്മൺ ഇനിമുതൽ സെലക്ഷൻ കമ്മിറ്റി യോഗങ്ങളിൽ പങ്കാളിയാകുമെന്നാണ് സൂചന. കളിക്കാരുടെ പരിക്കുകളും ലഭ്യതയും സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ സെലക്ടർമാർക്ക് ലഭിക്കാൻ ലക്ഷ്മണിന്റെ സാന്നിധ്യം സഹായിക്കും. കൂടാതെ, ജൂനിയർ സെലക്ഷൻ കമ്മിറ്റി തലവനായി മുൻ ഇന്ത്യൻ പേസർ ദൊഡ്ഡ ഗണേഷ് തിരഞ്ഞെടുക്കപ്പെടാൻ സാധ്യതയുണ്ടെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

### ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥർ ചമഞ്ഞ് തട്ടിപ്പ്

# കോഴിക്കോട് സ്വദേശിനിക്ക് നഷ്ടമായത് ഒന്നരക്കോടിയിലധികം രൂപ

കോഴിക്കോട്: സംസ്ഥാനത്ത് വീണ്ടും സൈബർ തട്ടിപ്പ്. കോഴിക്കോട് സ്വദേശിനിക്ക് നഷ്ടമായത് ഒരു കോടി 35 ലക്ഷത്തി പതിനാലായിരം രൂപ. കോട്ടൂളി സ്വദേശിയായ യുവതിക്കാണ് പണം നഷ്ടമായത്. മുംബൈയിൽ നിന്നും ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥർ എന്ന വ്യാജനെയാണ് തട്ടിപ്പ് സംഘം വിളിച്ചത്. മൂന്ന് അക്കൗണ്ടുകളിൽ നിന്നാണ് പണം നഷ്ടമായത്. സംഭവത്തിൽ കോഴിക്കോട് സൈബർ പോലീസ് കേസ് എടുത്ത് അന്വേഷണം ആരംഭിച്ചു.

യുവതിയുടെ പേരിൽ വ്യാജ സിം കാർഡ് എടുത്തെന്നും ബാങ്ക് അക്കൗണ്ടുകൾ വഴി സാമ്പത്തിക ഇടപാടുകൾ നടന്നുവെന്നും വിശ്വസിപ്പിച്ചാണ് തട്ടിപ്പ് നടത്തിയത്.തുടർന്ന് ക്രൈംബ്രാഞ്ച് നിരീക്ഷണത്തിലാണെന്നും അക്കൗണ്ടിലെ പണം ആർബിഐയുടെ പരിശോധനയ്ക്കായി നൽകിയാൽ പലിശ സഹിതം തിരികെ ലഭിക്കുമെന്നും വിശ്വസിപ്പിച്ച് പണം തട്ടിയെടുക്കുകയായിരുന്നു.

മൂന്ന് അക്കൗണ്ടുകളിൽ നിന്നായി 1,35,00,000 രൂപയിലധികമാണ് സംഘത്തിന് അയച്ചു നൽകിയത്.സംശയം തോന്നി കോഴിക്കോട് സൈബർ പൊലീസിൽ പരാതി നൽകിയപ്പോഴാണ് തട്ടിപ്പിനിരയായ വിവരം ഇവർ അറിയുന്നത്. സൈബർ പൊലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകുന്നു.

# റബർ കർഷകർക്ക് പ്രതിസന്ധി മാത്രം ബാക്കി

പടിഞ്ഞാറത്തറ: വില വർധിക്കുമ്പോഴും റബ്ബർ കർഷകർക്ക് പ്രതിസന്ധികൾ മാത്രമാണ് ബാക്കിയുള്ളത്. റബ്ബർ ഷീറ്റിനും ലാറ്റക്സിനും മികച്ച വില ലഭിക്കുമ്പോഴാണ് കർഷകരിൽ പ്രതിസന്ധികൾ വർധിക്കുന്നത്. റബ്ബർ കർഷകർക്ക് എപ്പോഴും പ്രതിസന്ധിയാവുന്നതും പ്രതികൂല കാലാവസ്ഥയും തൊഴിലാളി ക്ഷാമവുമാണ്. എന്നാൽ തൊഴിലാളി ക്ഷാമം കാരണം പലപ്പോഴും തോട്ടങ്ങളിലെ ജോലികൾ നടക്കാത്ത അവസ്ഥയാണ് തുടരുന്നത്. ഏറ്റവും നല്ല റബ്ബർ ഷീറ്റിന് 270രൂപയാണ് വില. എന്നാൽ ക്വാളിറ്റി കുറയുമ്പോഴും 260രൂപയോളം വില കർഷകന് ലഭിക്കുന്നുണ്ട്. വേർതിരിച്ച് വിപണിയിലേക്ക് എത്തിക്കാത്ത ഷീറ്റിന് കിലോക്ക് 240രൂപയോളം വിലയും ലഭിക്കും. ഒട്ടുപാലിനും മികച്ച പ്രതികരണമാണ് വിപണിയിൽ ലഭിക്കുന്നത്. 175രൂപക്ക് വരെ വ്യാപാരികൾ വിവിധയിടങ്ങളിൽ ഒട്ടുപാലിന് വില നൽകുന്നുണ്ട്. ഇത് ഒരു പരിധി വരെ കർഷകർക്ക് ആശ്വാസമാവുകയുമാണ്.

എന്നാൽ കാലാവസ്ഥയിലെ വ്യതിയാനം കാരണം റബ്ബർ പാലിന്റെ ഉൽപാദനത്തെ പ്രതികൂലമായി ബാധിക്കുകയാണ്. ചൂട് കൂടിയതാണ് ഇതിന് പ്രധാന കാരണം. ഇതോടെ പല തോട്ടങ്ങളിലും ഉൽപാദനവും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ശക്തമായ മഴ ലഭിച്ചാൽ മാത്രമേ റബ്ബർ പാൽ ഉൽപ്പാദനത്തിൽ വർധനവ് ഉണ്ടാവുകയുള്ളു. എങ്കിൽ മാത്രമേ ഷീറ്റ് ഉൽപാദനത്തിനും സഹായകരമാവും. വേനൽ എത്താൻ മാസങ്ങൾ ബാക്കി നിൽക്കെ തന്നെ ജില്ലയിൽ ഇപ്പോൾ തന്നെ വേനലിനെ വെല്ലുന്ന ചൂടും ജല പ്രതിസന്ധിയും തുടരുകയാണ്.

ഈ അവസ്ഥയിൽ ഉൽപ്പാദനം നടത്തിയാൽ തന്നെ തൊഴിലാളികൾക്ക് കൂലി കൊടുക്കാൻ പോലും തികയില്ലന്നതാണ് വസ്തുത. ചൂട് കൂടിയതോടെ 60 ഷീറ്റ് കിട്ടിയിടങ്ങളിൽ മൂന്നിലൊന്നായി ചുരുങ്ങി ഉൽപാദനം. മഴയുടെ പ്രതിസന്ധി നിലനിൽക്കുമ്പോഴും തൊഴിലാളി ക്ഷാമവും കർഷകരെ പ്രതികൂലമായി ബാധിക്കുകയാണ്. വന്യജീവി ശല്യം നിലനിൽക്കുന്നതിനാൽ പുലർച്ചെ തോട്ടങ്ങളിലെത്തി റബ്ബർ പാൽ ശേഖരിക്കാനും മരം ചെത്തുന്നതിനും തൊഴിലാളികളിൽ ഭീതി ഉളവാക്കുകയാണ്. റബ്ബർ തോട്ടങ്ങളിൽ പ്രധാന ജോലികളെല്ലാം നടക്കുന്നത് പ്രഭാത സമയമായതിനാൽ പലപ്പോഴും തൊഴിലാളികൾ ജോലിക്ക് എത്തുന്നുമില്ല. ഇത്തരത്തിൽ റബ്ബറിന് വില വർധിക്കുമ്പോഴും കർഷകർക്ക് ഗുണകരമാവുന്നില്ലന്ന പ്രതിസന്ധി ഈ മേഖലയെ ആശ്രയിക്കുന്നവർക്ക് പ്രതിസന്ധിയാവുകയാണ്.

## ശബരിമല നെയ്യ് വിതരണം മിൽമയ്ക്ക് 75.5 ലക്ഷം രൂപയുടെ നഷ്ടം

തിരുവനന്തപുരം: ശബരിമല സന്നിധാനത്തേക്കുള്ള മിൽമ നെയ്യ് വിതരണത്തിൽ ലക്ഷക്കണക്കിന് രൂപയുടെ സാമ്പത്തിക നഷ്ടവും ഗുരുതരമായ ക്രമക്കേടും നടന്നതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയതായി ക്ഷീരവികസന മന്ത്രി ബിന്ദു കൃഷ്ണ നിയമസഭയിൽ പറഞ്ഞു.

വിപണിയിൽ ലിറ്ററിന് 720 രൂപയും ഹോൾസെയിൽ വിലയായി 552 രൂപയുമുള്ള നെയ്യ്, ലിറ്ററിന് 510 രൂപ നിരക്കിലാണ് ശബരിമല സന്നിധാന സ്റ്റോറിലേക്ക് വിതരണം ചെയ്യാൻ യൂനിയൻ തീരുമാനിച്ചത്.

ഹോൾസെയിൽ വിലയേക്കാൾ കുറഞ്ഞ തുകയ്ക്ക് നൽകിയതു വഴി ലിറ്ററിന് 48.42 രൂപ വീതം മൊത്തം 1.5 ലക്ഷം ലിറ്റർ നെയ്യ് വിതരണം ചെയ്തതിൽ 75.5 ലക്ഷം രൂപയുടെ നഷ്ടം തിരുവനന്തപുരം മേഖലാ യൂനിയന് ഉണ്ടായി.

## ദുബായ് കെഎംസിസി കോഴിക്കോട് ജില്ല കമ്മറ്റിയുടെ സിഎച്ച് രാഷ്ട്രസേവാ പുരസ്കാരം രമേശ് ചെന്നിത്തലയ്ക്ക്



കോഴിക്കോട്: മുൻ മുഖ്യമന്ത്രിയും മുസ്ലിം ലീഗ് നേതാവുമായിരുന്ന സിഎച്ച് മുഹമ്മദ് കോയയുടെ സ്മരണയ്ക്കായി ദുബായ് കെഎംസിസി കോഴിക്കോട് ജില്ലാ കമ്മിറ്റി ഏർപ്പെടുത്തിയ ഈ വർഷത്തെ സിഎച്ച് രാഷ്ട്രസേവാ പുരസ്കാരം ആഭ്യന്തര, വിജിലൻസ് വകുപ്പ് മന്ത്രിയുമായ രമേശ് ചെന്നിത്തലയ്ക്ക്. നവംബർ 14 ന് വൈകീട്ട് ആറ് മണിക്ക് ദുബായ് ഖിസൈസിലെ ഹാംപ്റ്റൺ ഹൈറ്റ്സ് രാജ്യാന്തര സ്കൂളിൽ (പിഎ ഇബ്രാഹിം ഹാജ് നഗർ) നടക്കുന്ന സിഎച്ച് രാജ്യാന്ത ഉച്ചകോടിയിൽ ഒരുലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്കാരം സമ്മാനിക്കും.പൊതുരംഗത്തെയും പാർലമെന്ററി രംഗത്തെയും അദ്ദേഹത്തിന്റെ ദീർഘകാലത്തെ നിസ്വാർഥ സേവനങ്ങളും മികച്ച സംഭാവനകളും മുൻ നിർത്തിയാണ് ഈ അംഗീകാരം. പിഎ സൽമാൻ ഇബ്രാഹിം ജൂറി ചെയർമാനും പൊയിൽ അബ്ദുള്ള, എംസി വടകര, ടിടി ഇസ്മായിൽ, സികെ സുബൈർ എന്നിവരടങ്ങിയ ജൂറിയാണ് അവാർഡ് ജേതാവിനെ തിരഞ്ഞെടുത്തത്.

## അന്യസംസ്ഥാനങ്ങളിലെ 60 വിദ്യാർഥികൾക്ക് പഠനം സാധ്യമാക്കി ജ്യോതി പദ്ധതി

കൽപ്പറ്റ: സംസ്ഥാന സർക്കാർ അതിഥി തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി നടപ്പാക്കിയ ജ്യോതി പദ്ധതിയിലൂടെ ജില്ലയിലെ അഞ്ച് പൊതുവിദ്യാലയങ്ങളിലായി 60 വിദ്യാർഥികൾക്ക് സ്കൂൾ വിദ്യാഭ്യാസമൊരുക്കി പൊതുവിദ്യാഭ്യാസ വകുപ്പ്. തരുവണ ഗവ. യു.പി സ്കൂൾ, പുത്തുമല ജി.എൽ.പി സ്കൂൾ, മേപ്പാടി ജി.എൽ.പി സ്കൂൾ, കൽപ്പറ്റ ജി.എൽ.പി സ്കൂൾ, കൈപ്പഞ്ചേരി ജി.എൽ.പി സ്കൂളുകളിലാണ് പദ്ധതി വിഭാവനം ചെയ്തത്. വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് ജില്ലയിൽ സ്ഥിരതാമസമാക്കിയ അതിഥി തൊഴിലാളികളുടെ മക്കൾക്ക് ഒന്ന് മുതൽ ഏഴ് വരെ ക്ലാസുകളിലേക്കാണ് പദ്ധതി ആനുകൂല്യം ഉറപ്പാക്കുന്നത്. സ്കൂൾ പഠനത്തിന് ആവശ്യമായ പിന്തുണ നൽകുന്നതിനൊപ്പം കുട്ടികളിൽ മലയാള ഭാഷാ പരിജ്ഞാനം മെച്ചപ്പെടുത്തി മറ്റു വിഷയങ്ങളിൽ അറിവ് വർധിപ്പിക്കുക ലക്ഷ്യമിട്ടാണ് പദ്ധതി ആസൂത്രണം ചെയ്തത്. പദ്ധതിയുടെ ഭാഗമായി ഓരോ വിദ്യാലയത്തിലും വിദ്യാഭ്യാസ വളണ്ടിയർമാരെയും നിയമിച്ചിട്ടുണ്ട്. ഇവർ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കുട്ടികൾക്ക് തുടർച്ചയായ പഠന പിന്തുണ നൽകും.പഠനമികവിനൊപ്പം കുട്ടികളുടെ സാമൂഹിക വൈകാരിക വളർച്ചയ്ക്ക് പ്രാധാന്യം നൽകി സഹപാഠികളുമായി ഇടപഴകാനും വിദ്യാലയ അന്തരീക്ഷവുമായി എളുപ്പത്തിൽ ഇണങ്ങിച്ചേരാനും കുട്ടികളെ പ്രാപ്തരാക്കാൻ പദ്ധതിയിലൂടെ സാധിക്കുന്നുണ്ട്.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, GS Binaya Building RC Road calicut - 673001, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.